ഫെബ്രുവരി– 2011

# സുവിശേഷനാദം

Vol. 31

Suvisesha Nadam

No. 2




2011 ജനുവരി 17 തിങ്കളാഴ്ച
ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ കേരളാ സ്റ്റേറ്റ്
88 – ാമത് the BIG move ജനറൽ കൺവൻഷന്റെ ഉദ്ഘാടനം
സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവ്വഹിക്കുന്നു.

## FOREIGN REPRESENTATIVES


USA

| | |
|---|---|
| N.Y. | Abraham P. Abraham<br>Ph: 718-343-7462 |
| N.Y. | Koshy M. Varghese<br>Ph: 845-2678-373 |
| N.Y. | Prasad Mathew Ph: 585-467-4190 |
| T.N. | A.V. Daniel Ph: 423-899-3995 |
| N.J. | P. V. Mathew. Ph: 212-684-3450 |
| Chicago: | Pr. Mathai Samkutty<br>Ph: 847-329-7625 |
| Chicago: | Solomon Varghese<br>Ph: 847-816-0644 |
| Dallas: | A.V. Philipose. Ph: 972-289-7847 |
| Dallas: | Thomas George<br>Ph: 972-463-6469<br>Pr. Johnson Zacharia<br>Ph: 972-276-1158 |
| Houston: | Pr. Abraham Thomas<br>Ph: 281-998-9292 |
| Tulsa: | Pr. C. V. Zachariah<br>Ph: 918-357-1293 |
| OK | A. V. Abraham. Ph: 405-789-2773 |

GULF

| | |
|---|---|
| Kuwait: | C. Thomas Mathew<br>Ph: 00965-3923698<br>Mathew Daniel<br>Ph: 00965-4318417. M. 9584150<br>Samkutty Samuel<br>Ph: 00965-4805675. M. 9027606 |
| Dubai: | Varghese George<br>Ph: 009714-3370393 |
| Oman: | M. K. Thomas<br>Ph: 050-6730586, 655134 |
| Muscat : | M.P. Monikutty<br>Ph: 00968-99448408 |


### വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഇൻഡ്യയിൽ | 70 രൂപ |
| വിദേശത്തേക്ക് | |
| ഗൾഫ് മേഖല | 1000 രൂപ |
| U.S.A. യും മറ്റ് രാജ്യങ്ങളും | U.S.$ 25 |
| ആയുഷ്ക്കാല വരിസംഖ്യ | |
| ഇൻഡ്യയിൽ | 1000 രൂപ |
| വിദേശത്തേക്ക് | U.S.$ 250 |


***Chief Editor*** **: Evg. P. I. Abraham**
***Publisher :*** **Pr. K. A. Oommen**
***General Co-ordinator :*** **Rev. C.C.Thomas**
***Manager :*** **Bro. T. Yohannan**



ലേഖനങ്ങൾ, വാർത്തകൾ, പുതിയ വരിക്കാരുടെ
അഡ്രസ്സ്, അഡ്രസ്സ് മാറ്റം, വരിസംഖ്യ, സംഭാവന
എന്നിവ അയയ്ക്കേണ്ട വിലാസം :
**മാനേജർ, സുവിശേഷ നാദം,**
**മുളക്കുഴ പി. ഒ. – 689 505, കേരളാ സ്റ്റേറ്റ്**



**ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കു മാത്രമുള്ളതാണ്.**



VOL. 31 ISSUE : 2 FEBRUARY 2011


# SUVISESHANADAM


PUBLISHED BY GOSPEL VOICE PUBLISHERS


## ഉള്ളടക്കം


3 സ്റ്റേറ്റ് ഓവർസിയറുടെ കത്ത്........................... പാസ്റ്റർ എം. കുഞ്ഞപ്പി

5 ജ്ഞാനികൾക്ക് മറച്ച് ശിശുക്കൾക്ക് ............ഇവാ. പി. ഐ. ഏബ്രഹാം

8 കൂടിക്കാഴ്ചയുടെ ബാക്കിപത്രം......................പാസ്റ്റർ പി. ജി. മാത്യൂസ്

10 ഇങ്ങനെയും അങ്ങനെയും ആർക്കുന്ന ജനം.........പാസ്റ്റർ കെ.എ ഉമ്മൻ

12 2011ലെ ജനറൽ കൺവൻഷൻ റിപ്പോർട്ട്.........പാസ്റ്റർ എ. ഒ. ഏലിയാസ്

15 ഇന്നത്തെ ദൈവജനം ഇയ്യോബിനെ.........ജോർജ്ജ് വർഗ്ഗീസ്, ചിറ്റേഴത്ത്

17 നിങ്ങളുടെ നടപ്പ് ആരുടെ കൂടെ.................ഒ.വി. മാത്യു, വാര്യാപുരം

18 മുന്നറിയിപ്പുകളെ അവഗണിക്കരുത്..................പാസ്റ്റർ സണ്ണി ഫിലിപ്പ്

20 സഭാ വാർത്തകൾ...............................................................................

21 കർത്തൃസന്നിധിയിൽ..........................................................................


### വിശ്വാസ പ്രമാണം

1.വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും 3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽനിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നതിലും, സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും; 4. മനുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സിലാത്തവരായി തീർന്നു എന്നും, എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും, പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും; 5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും; 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസംമൂലവും ദൈവവചനംമൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും; 7. വിശുദ്ധി എന്നത് ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ജീവിത പ്രമാണമാകുന്നു എന്നുള്ളതിലും; 8. ഹൃദയ നിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും; 9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നൽകുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും, അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭ ലക്ഷണമാണെന്നുള്ളതിലും; 10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും; 11. യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ എല്ലാ മനുഷ്യർക്കും ദൈവിക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും; 12.കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും; 13. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചും, ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും, മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനുംവേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും; 14. ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു.

# കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും (സങ്കീ. 126:5,6)



2011 ജനറൽ കൺവൻഷനിലെ നമ്മുടെ തീം ആയിരുന്നല്ലോ 'Forward together for the harvest' അഥവാ 'കൊയ്ത്തിനായി നാം ഒന്നായി മുന്നോട്ട്' എന്നുള്ളത്. ഈ വിഷയത്തോടനുബന്ധിച്ചുള്ള ചില ചിന്തകളാണ് ഇവിടെ കുറിക്കുന്നത്.

ഒരുവൻ തന്റെ ദൗത്യം മറന്ന് പ്രവർത്തിക്കുന്നത് ഏതു മേഖലയിലായാലും അപകടമാണ്. ഒരു ക്രിസ്തുശിഷ്യന്റെ ഏറ്റവും വലിയ ദൗത്യം ആത്മാക്കളെ നേടുക എന്നതാണ്. പൗലോസ് ഇങ്ങനെ പറഞ്ഞു: ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായി തീർന്നു. ഒരു സുവിശേഷകന്റെ യഥാർത്ഥ സമർപ്പണമാണ് ഇത് (1 കൊരി. 9:22). കൊയ്ത്തിനു മുമ്പ് ഒരു വിത ആവശ്യമാണ്. വിതയില്ലാതെ ഒരു കൊയ്ത്തില്ല. മരണം സംഭവിച്ച ഒരു ഭൗതീക ശരീരത്തെ വിത്തായിട്ട് പൗലോസ് ചിത്രീകരിക്കുന്നു. 1 കൊരി. 15-ാം അദ്ധ്യായം അത് വ്യക്തമാക്കുന്നു. ജന്തുശാസ്ത്രം, ജീവശാസ്ത്രം, ശരീരശാസ്ത്രം, വാനഗോള ശാസ്ത്രങ്ങളെ ഊന്നി പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്ന ഈ ഭാഗം അടക്ക ശുശ്രൂഷകളിൽ പലപ്പോഴും നാം ഉദ്ധരിക്കാറുണ്ട്. 7 വിധ താഴ്ചകളോടുകൂടെ വിതയ്ക്കുന്ന വിത്ത് 7 വിധ ഉയർച്ചകളോടുകൂടെ പുനരുത്ഥാനം പ്രാപിക്കും എന്നാണ് പൗലോസ് വിവക്ഷിക്കുന്നത്. പ്രവാചകനായ യെശയ്യാവ് പറയുമ്പോൾ: ഭൂമി പ്രേതന്മാരെ പ്രസവിക്കുന്ന ദിവസം ഉണ്ടല്ലോ എന്നാണ് (യെശ. 26:19). മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെതന്നെ സ്വർഗ്ഗീയന്റെ പ്രതിമയും നാം ധരിക്കും. ഇതുപോലെതന്നെ നാം വിതയ്ക്കുന്ന സുവിശേഷത്തിൻ വിത്ത് ഹൃദയങ്ങളിൽ പതിഞ്ഞ് അത് ഫലമായി വെളിപ്പെട്ടുവരുന്നതാണ് ആത്മാക്കളുടെ കൊയ്ത്ത് എന്നുപറയുന്നത്. വിത്ത് നനച്ച് വിതയ്ക്കുന്നതുപോലെ വചനമാകുന്ന വിത്ത് കണ്ണുനീരിനാൽ നനച്ച് വിശ്വാസത്താൽ സുവിശേഷകൻ വിതയ്ക്കണം. ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായി തീർന്നു എന്നുള്ളത് ഒരു സുവിശേഷകന്റെ യഥാർത്ഥ സമർപ്പണമാണ്. ആത്മാക്കളെ ക്രിസ്തുവിനായി നേടുവാൻ കഴിയാത്ത സംഘടനകളും സംഘാടകരും പ്രവർത്തകരും ഇന്ന് വർദ്ധിച്ചുവരുന്നതായി നമുക്ക് കാണാം. ആത്മഭാരം ഇല്ലാത്ത ഒരു വ്യക്തിയെ തന്റെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കുക ദൈവത്തിനു ദുഷ്കരമാണ്. സമർപ്പണമുള്ള പ്രവർത്തകരെയാണ് കർത്താവിന് ആവശ്യം. അങ്ങനെ ഒരുവൻ ആകണമെങ്കിൽ അവൻ കർത്താവിന്റെ ഒരു ശിഷ്യൻ തന്നെയായിരിക്കണം. മിടുക്കന്മാരും സാമർത്ഥ്യമുള്ളവരും ബുദ്ധിശാലികളും ഇന്ന് ധാരാളം വർദ്ധിച്ചുവരുന്നു. എന്നാൽ ശിഷ്യത്വം ഏറ്റുവാങ്ങി ഒരു കഴുതയ്ക്ക് സമാനമായി ചോദ്യം ചെയ്യാതെ ആത്മാക്കൾക്കു വേണ്ടി ജീവൻ കൊടുക്കേണ്ടിവന്നാലും പിന്മാറാതെ നിന്ന് ആത്മാക്കളെ കൊയ്തെടുക്കുന്ന കൊയ്ത്തുകാരാണ് ഇന്നത്തെ ആവശ്യം. ക്ഷമയുള്ളവനു മാത്രമേ കൊയ്ത്ത് നിരയിൽ നിൽക്കുവാൻ സാധിക്കുകയുള്ളൂ. വളരെ അദ്ധ്വാനവും പ്രയത്നവും കൂടാതെ സഹിഷ്ണുതയും ഉണ്ടെങ്കിൽ മാത്രമേ കൊയ്തെടുക്കവാൻ സാധിക്കൂ. ആത്മാക്കളുടെ കൊയ്ത്തിന്റെ വിഷയത്തിലും ഇത് അന്വർത്ഥമാണ്. യേശു ശിഷ്യന്മാരെ വിളിച്ചപ്പോൾ പറഞ്ഞത്: ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും (ലൂക്കോ.5:10). നരകത്തിൽ തള്ളപ്പെടുന്നവരെ കൊയ്തെടുക്കുന്ന ശുശ്രൂഷ. കൊയ്യിപ്പിക്കുന്ന യജമാനന്മാരെക്കാൾ, കാണികളെക്കാൾ അതായത് നോക്കിനിന്ന് അഭിപ്രായം പറയുന്നവരെക്കാൾ, ഇന്ന് ഏറെ ആവശ്യം വിളഞ്ഞിരിക്കുന്ന പാടശേഖരങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അരിവാൾ ഉപയോഗിച്ച് കൊയ്യുന്ന വേലക്കാരെയാണ് (മത്താ. 9:37,38; യോഹ. 4:35).

കൊയ്യുവാൻ ഇറങ്ങിയവൻ കൊയ്തുതന്നെ കയറണം. കൊയ്യുക ഒരു ദൗത്യമാണ്. വിതയ്ക്കുക എന്നത് ഏല്പിച്ച ദൗത്യ നിർവ്വഹണത്തിനുവേണ്ടിയുള്ള ഒരടിസ്ഥാനമാണ് (യോശു. 6:12-20). അവർ മുന്നേറുകയാണ്. നിശ്ചയ ദാർഢ്യത്തോടെ സ്പുരിക്കുന്ന മുഖഭാവത്തോടുകൂടി ചുവടുകൾ ക്രമത്തിൽ

➡

ചലിപ്പിച്ച് അവർ പുറകോട്ടല്ല, മുന്നേറുകയാണ്. ആർക്കും അകത്തു കയറുവാനും പുറത്തിറങ്ങുവാനും കഴിയാത്തവിധം അടച്ചു പൂട്ടപ്പെട്ട യെരിഹോമതിൽ, അതിനെ അവർ വലംവെയ്ക്കുകയാണ്. തികഞ്ഞ ജാഗ്രതയോടെ, വിശ്വാസത്തോടെ, പ്രത്യാശയോടെ, സൂക്ഷ്മതയോടെ അവർ വലംവെയ്ക്കുകയാണ്. മതിലിനുള്ളിൽ ശത്രുനിരയുണ്ട്. ചലനങ്ങളെ ഉള്ളിൽ അറിഞ്ഞ് പ്രാർത്ഥനയോടെ അവർ നടന്നു നീങ്ങുകയാണ്. മുൻനിരയിൽ ആയുധമേന്തിയ ഭടന്മാർ ചുവടുവെച്ച് നീങ്ങുന്നു. വ്യവസ്ഥപ്രകാരം യഹോവയുടെ പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ മുന്നിൽ, ആട്ടിൻ കൊമ്പുകൊണ്ടുള്ള കാഹളമേന്തിയ 7 പുരോഹിതന്മാർ ഏറ്റവും പിന്നിൽ, സാധാരണക്കാരിൽ വരെ വ്യാപിച്ചുകിടക്കുന്ന ദൈവീക പ്രവർത്തനങ്ങളുടെ ചലനങ്ങൾ. അവിടെ ഇതാ ഒരു ദൈവശബ്ദം. ഞാൻ യെരിഹോവെയും അതിന്റെ രാജാവിനെയും യുദ്ധവീരന്മാരെയും നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. ആയുധം കയ്യിലുണ്ട് പക്ഷേ ഉപയോഗിച്ചില്ല. യുദ്ധാഭ്യാസം നിശ്ചയമുണ്ട്. യുദ്ധപ്രഖ്യാപനത്തിന്റെ സിഗ്നൽ നൽകുന്ന കാഹളം ഉയർത്തിയില്ല. ഇപ്പോൾ മൗനത പാലിക്കുന്ന ഞങ്ങൾ ആർപ്പിടും എന്നുള്ള നിശ്ചയദാർഢ്യം. വീണ്ടും ഒരു പ്രാവശ്യംകൂടി. വീണ്ടും വീണ്ടും അങ്ങനെ പലപ്രാവശ്യം ചുറ്റി. പിൻതിരിഞ്ഞില്ല. ചലനമുണ്ട്. മതിൽ ഇടിയുന്നില്ല. അതേ, നിമിഷങ്ങൾക്കുള്ളിൽ മതിൽ താഴുവാൻ പോകുകയാണ്. വിശ്വസിക്കുന്നവർക്കു വേണ്ടി പ്രവർത്തിക്കുന്ന ദൈവശക്തിയുടെ വലിപ്പം. മൗനത നിഴലിട്ട് നിൽക്കുമ്പോൾ അതിനപ്പുറത്ത് കാഹളത്തിന്റെ ശബ്ദം കേൾക്കുമ്പോൾ അത് ആർപ്പിന്റെ ശബ്ദമാണ്. വിശ്വസിക്കുന്നവരിൽ വ്യാപരിക്കുന്ന ദൈവശക്തി. സമർപ്പണമുള്ള ഒരു സുവിശേഷകന് മാത്രമേ ആത്മാക്കളെ കൊയ്തെടുത്ത് സഭ കെട്ടുപണി ചെയ്യുവാൻ കഴിയുകയുള്ളു. ഇത് ആത്മാക്കളുടെ കാര്യമായിരിക്കുമ്പോൾ തന്നെ നാം എപ്പോഴും ഒരു കൊയ്ത്തു നിലത്തിന്റെ വക്കിലാണ്. നമ്മുടെ ചില വാഗ്ദത്തങ്ങളുടെ കൊയ്ത്ത് നിലമുണ്ട്. ചില വിടുതലിന്റെ കൊയ്ത്തു നിലങ്ങളുണ്ട്. നമ്മോടു ദൈവം വാഗ്ദത്തം ചെയ്തതും നാം ഉറപ്പിച്ചുവച്ചതുമായ വാഗ്ദത്തങ്ങൾ. ഒരു ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രാധാന്യം അർഹിക്കുന്ന വസ്തുതയാണ്. നമുക്ക് തരാമെന്ന് പറഞ്ഞതും നാം ചോദിച്ച് ഉറപ്പിച്ചതുമായ വാഗ്ദത്തം. ദുഷ്ടൻ അറുത്തതും മുടിച്ചതുമായ നന്മകൾ, അറിയായ്മയുടെ കാലങ്ങളിൽ ആശ്രയിക്കേണ്ടവിധത്തിൽ ദൈവത്തോട് ആശ്രയിക്കാതെ മനുഷ്യനിലേക്ക് മുഖം തിരിച്ചുപോയ ദിനരാത്രങ്ങൾ, വിശ്വാസ ജീവിതത്തിന്റെ ശ്രേഷ്ഠകരമായ അനുഭവങ്ങളിലേക്കു എത്തിപ്പെടുവാൻ കഴിയാതെ ശത്രു നിരന്തരം നടത്തുന്ന പോരാട്ടങ്ങൾ. ഇതിൽനിന്നെല്ലാം നമുക്ക് ഒരു വിടുതൽ വേണം ജയിച്ചു മുന്നേറുവാൻ. വ്യക്തിപരമായും കുടുംബമായും ദൈവം നമുക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളുടെ വാഗ്ദത്തങ്ങൾ പ്രാപിച്ചെടുക്കണം. നന്മയുടെ നീരുറവകൾ, ശത്രു മണ്ണിട്ടു മൂടിയിരിക്കുന്ന കിണറുകൾ, അത് തുറന്നുവരണം. യിസ്രായേൽ പാടിയതുപോലെ 'കിണറേ പൊങ്ങിവാ' എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് അടഞ്ഞിരിക്കുന്ന ചില നന്മകൾ തുറന്നുവരുവാൻ മറഞ്ഞിരിക്കുന്ന ചില അനുഗ്രഹങ്ങൾ പൊങ്ങിവരുവാൻ ഇടയാകണം. ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്ഥനാണ്. അവൻ അരുളിച്ചെയ്യുന്നത് അതുപോലെ നിറവേറ്റുന്ന ദൈവമാണ്.

കൊയ്ത്തുകാരൻ സമയത്തെക്കുറിച്ചു ദർശനമുള്ളവൻ ആയിരിക്കണം. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ നാം വായിക്കുന്നു, ശിഷ്യന്മാരുടെ നോട്ടത്തിൽ നാലു മാസംകൂടിയുണ്ട് കൊയ്ത്തിന്. പക്ഷെ ഗുരു പറയുന്നു നിങ്ങൾ തലയുയർത്തി ഒന്നു നോക്കുക. വാസ്തവത്തിൽ ഇപ്പോൾത്തന്നെ കൊയ്ത്തിനു പാകമായി കിടക്കുന്ന നിലങ്ങൾ നിങ്ങൾക്കു കാണുവാൻ സാധിക്കും. ശിഷ്യന്മാർ ധരിച്ചത് കൊയ്ത്തിനു കാലതാമസമുണ്ടെന്നാണ്. എന്നാൽ കർത്താവു പറഞ്ഞത് വിളകൾ കൊയ്ത്തിനു പാകമായി കിടക്കുന്നു എന്നാണ്. ഇന്നും ഇത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ ചുറ്റുപാടുകളിലേക്കു ശരിയായി നോക്കുവാൻ തയ്യാറാകാതെ, കണ്ണുകൾ തുറന്നുകാണുവാൻ ശ്രമിക്കാതെ നാം തെറ്റായി ധരിച്ചുവെച്ചിരിക്കുന്നത് കൊയ്ത്തിനു ഇനിയും സമയമുണ്ടെന്നാണ്. എന്നാൽ നാഥൻ പറയുന്നത് അങ്ങനെയല്ല. ആയിരമായിരം ആത്മാക്കളെ കൊയ്തെടുക്കുവാൻ ഇപ്പോൾത്തന്നെയാണ് സമയം. നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച്, സമയത്തെക്കുറിച്ച് ഒരു ദർശനമാണ് ഇന്ന് ആവശ്യം. കാത്തിരിക്കേണ്ട ആവശ്യമില്ല. കാലങ്ങൾ മുമ്പോട്ടു പോകുന്നതിനു മുമ്പ്, വിള നഷ്ടപ്പെടുന്നതിനു മുമ്പ് കൊയ്തെടുക്കണം. അതിനായി ദൈവത്തിന്റെ ദാസന്മാരും വിശ്വാസികളും ഒന്നിച്ച് തയ്യാറാകണം. നമുക്ക് ഉണരാം, കൊയ്ത്തിനായി ഉണരാം. അതിനായി കർത്താവ് ഏവരെയും സഹായിക്കുമാറാകട്ടെ.

**പാസ്റ്റർ എം. കുഞ്ഞപ്പി**, സ്റ്റേറ്റ് ഓവർസീയർ

# ജ്ഞാനികൾക്ക് മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തുന്നു

ഇവാ. പി. ഐ. ഏബ്രഹാം, കാനം

മനുഷ്യ ജീവിതം ഒരു വലിയ മർമ്മമാണ്. ഞാൻ എനിക്കുതന്നെ ഒരു അത്ഭുതം ആയിരിക്കുന്നതുപോലെ ഞാൻ പലർക്കും ഒരു അത്ഭുതമാണ്. ഒരു മനുഷ്യൻ തനിക്ക് ചുറ്റുമുള്ള ലോകത്തെ അറിയുവാൻ കഠിന പരിശ്രമം ചെയ്യുന്നു. ഇന്നുവരെ അതിന്റെ പൂർണ്ണതയിൽ എത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതിനെക്കാൾ വിചിത്രവും വിസ്മയകരവുമായി ഇരിക്കുന്ന പ്രശ്നം മനുഷ്യന് തന്നെത്തന്നെ വേണ്ടുംപോലെ ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. ബൈബിൾ വെളിച്ചത്തിൽ പരിശോധിച്ചാൽ ആദ്യ മനുഷ്യനെ ദൈവം നേരുള്ളവനായി സൃഷ്ടിച്ചു. എന്നാൽ അറിവിന്റെ ബാലപാഠങ്ങളിൽ ആയിരുന്നു അവൻ ആദ്യ നാളുകളിൽ. അവനെക്കുറിച്ചുള്ള ദൈവീക പദ്ധതി ആദ്യംതന്നെ ദൈവം വെളിപ്പെടുത്തിയില്ല. മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പ്രവർത്തികൾത്തന്നെ ഭാഗംഭാഗമായും വിവിധമായും യുഗപരവുമായിട്ടാണ്. നിഷ്കന്മഷ യുഗത്തിൽ തുടങ്ങി ന്യായപ്രമാണയുഗവും കടന്ന് ഇന്ന് അന്ത്യയുഗമായ കൃപായുഗത്തിലാണ് നമ്മൾ. വിശുദ്ധ പൗലോസ് 1 കൊരി.13ൽ പൂർണ്ണമായത് വരുമ്പോൾ എന്നൊരു സൂചന നൽകുന്നുണ്ട്.

കൃപായുഗത്തിന് ശേഷം സഭയുടെ വീണ്ടെടുപ്പ് സാധ്യമാകുമ്പോഴാണ് നമുക്ക് ദൈവീക പദ്ധതിയുടെ അന്ത്യചിത്രം ഗ്രഹിപ്പാൻ കഴിയുന്നത്. ദമസ്ക്കോസ് റോഡിൽവെച്ച് അനുതാപ വിവശനായ ശൗൽ ഞാൻ എന്തു ചെയ്യണം കർത്താവേ എന്ന് ചോദിക്കുമ്പോൾ പൂർണ്ണമായ ഒരു പ്രോഗ്രാം അവനു നൽകിയില്ല. നീ പോവുക, ചെയ്യാനുള്ളതെല്ലാം ഞാൻ നിന്നെ അറിയിക്കാം എന്നായിരുന്നു പ്രതികരണം. ദൈവീക വെളിപ്പാട് ക്രമാനുഗതമായിട്ടാണ്. ആസാഫ് പാടുമ്പോൾ പിന്നത്തേതിൽ നീ എന്നെ മഹത്വത്തിലേക്ക് കൈക്കൊള്ളും എന്നാണ്. മഹത്വം പൂർണ്ണ നിലയിൽ ഒരു വ്യക്തിക്കും ഇപ്പോൾത്തന്നെ ഗ്രഹിപ്പാൻ സാധ്യമല്ല. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് ഒരു കണ്ണും കണ്ടിട്ടില്ല, ഒരു കാതും കേട്ടിട്ടില്ല, ഒരു ഹൃദയത്തിൽ തോന്നിയിട്ടുമില്ല. എന്നാൽ ഭക്തന്റെ



ഹൃദയത്തിൽ പരിശുദ്ധാത്മാവ് അതിന്റെ മങ്ങിയ ഒരു ദർശനം നൽകുന്നുമുണ്ട്. അതാണ് ദൈവവെളിപ്പാട്. റോമൻ ജയിലിൽ രക്തസാക്ഷി മരണം കാത്തുകിടക്കുന്ന വൃദ്ധനും ശരീരത്തിൽ ബലഹീനനുമായ പൗലോസ് ഈ ഭാവി ദർശനം ഇങ്ങനെ വർണ്ണിച്ചു: നീതിയിൻ കിരീടം അന്നെനിക്കു ലഭിക്കും. കിരീടത്തിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. പക്ഷേ, അത് ലഭിക്കുമെന്നുള്ളത് നിശ്ചയമാണ്. അതാണ് ഭക്തന്റെ വെളിപ്പാട്.

ഏദെനിൽ എന്തു ചെയ്യണം എന്നും എന്ത് ചെയ്തുകൂടായെന്നും ദൈവം ആദാമിനോട് പറഞ്ഞു. അടുത്ത പരിപാടി ദൈവം പറയുമായിരുന്നു. അത് ദൈവത്തിൽനിന്ന് പ്രാപിക്കേണ്ടതുമാണ്. പക്ഷേ, ആ ഭാഗത്ത് ഈ ലോകത്തിന്റെ ദൈവം കടന്നുവന്നു. ദൈവം ചെയ്യേണ്ട കാര്യം അവൻ ചെയ്യാമെന്ന് ഭരമേറ്റു. നിഷ്കളങ്കനായ മനുഷ്യൻ സാത്താനെ വിശ്വസിച്ചു. അവിടംമുതൽ ലോകമനുഷ്യന്റെ ഭാഷയിൽ പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ 'ശനിദശ' ആരംഭിച്ചു. മനുഷ്യൻ ദൈവ വെളിപ്പാട് പ്രാപിക്കേണ്ടതിനു പകരം സ്വയം ചിന്തകനായി മാറി. വെളിപ്പാടിന്റെ സ്ഥാനത്ത് ഇന്ന് ചിന്തയ്ക്കാണ് പ്രാധാന്യം. ശാസ്ത്രീയ രംഗത്ത് മുൻനിരയിൽ എത്തിയവരെ ചിന്തകന്മാർ എന്നാണ് വിളിക്കുന്നത്. അവരെല്ലാം ഇന്നുവരെ ചിന്തിച്ചിട്ടും ഭൗതിക തലത്തിന് അപ്പുറത്ത് എത്തിച്ചേർന്നിട്ടും ഇല്ല. ഇന്നുവരെ കണ്ടുപിടിക്കപ്പെടാത്ത നക്ഷത്രക്കൂട്ടങ്ങൾ ഉണ്ടെന്ന് മാധ്യമങ്ങളിൽ അടുത്ത ദിവസവും വായിച്ചു. ദൈവത്തെ കൂടാതെ മനുഷ്യൻ പാവം അവൻ എന്തറിഞ്ഞു.

പാപംമൂലം മനുഷ്യവർഗ്ഗം ദൈവത്തിൽനിന്ന് അകന്നതോടുകൂടെ ദൈവവെളിപ്പാടിന്റെ മുഖം അടഞ്ഞു, മനുഷ്യൻ അന്ധനായി തീർന്നു. ആ തരം നോക്കി സാത്താൻ മനുഷ്യന്റെ ആലോചന

ക്കാരനായി പറ്റിക്കൂടി. ഏദനിൽ ദുരാലോചന നൽകി ആദാമിനെ തെറ്റിച്ച സാത്താൻ ശപിക്കപ്പെട്ട ഭൂമിയിൽ വീണ്ടും ആദാമ്യ വർഗ്ഗത്തെ തെറ്റായ ആലോചനകൾ നൽകി ചതിക്കുവാൻ പദ്ധതിയിട്ടു. അതിന്റെ തുടക്കം ആയിരുന്നു കായീന്റെ ആരാധന. ദൈവത്തെ ആരാധിക്കുന്ന വിഷയത്തിൽ സാത്താൻ ഇടപെട്ടു. തന്നെ ആര്, എങ്ങനെ ആരാധിക്കണം എന്ന് ദൈവത്തിൽനിന്ന് അറിയേണ്ടതിനു പകരം, എന്റെ ഭാഷയിൽ സസ്യഭുക്കിന് മാംസം വിളമ്പുന്നതുപോലെ, ദൈവത്തിന് വേണ്ടാത്തതെല്ലാം വാരിക്കെട്ടി കയീൻ ആരാധന തുടങ്ങി. അതേസമയം ഭക്തനായ ഹാബേൽ വിശ്വാസത്താൽ ദൈവദർശനം പ്രാപിച്ച്, ദൈവഹിതം അറിഞ്ഞ് ആട്ടിൻകുട്ടിയെ യാഗം കഴിച്ചു. യുഗാവസാനത്തിൽ ദൈവം നടത്താനിരുന്ന തന്റെ പുത്രന്റെ യാഗം ഹാബേൽ ഗ്രഹിച്ചു. അതിന്റെ മുൻകുറിയായി താൻ യാഗം ചെയ്തു. ദൈവം പ്രസാദിച്ചു അവനെ ദൈവം നീതിമാനെന്ന് എണ്ണി. മരിച്ചിട്ടും അവൻ ദൈവത്തോടാണ് നിലവിളിച്ചത്. കയീൻ ദുഷ്ടനിൽനിന്നുള്ളവനായി മതം സ്ഥാപിച്ചു. ഇന്ന് ലോകത്തിലുള്ള സകല മതങ്ങളും കയീന്റെ മതത്തിന്റെ സന്താനമാണ്. മതങ്ങളുടെ പിറകിൽ പ്രവർത്തിക്കുന്നതും പിശാചാണ്. സത്യദൈവത്തെയും നിത്യപുത്രനെയും സത്യാത്മാവിനെയും നിഷേധിക്കുകയാണ് മതങ്ങളുടെ ലക്ഷ്യം.

പൗലോസ് തന്റെ യാത്രയിൽ ഗ്രീക്ക് തത്വജ്ഞാനികളുടെ ഒരു നഗരത്തിൽ എത്തി. അഥേനയിൽ ഒരു പ്രസംഗ വേദിയിൽ തന്നെക്കൊണ്ട് അവർ പ്രസംഗിപ്പിച്ചു. സ്റ്റോയിക്കർ, എപ്പിക്കൂരിയർ തുടങ്ങിയ തത്വജ്ഞാനികൾ തന്നിൽനിന്ന് പുതുമ കേൾക്കാൻ കാത്തിരിക്കുന്നു. അവരുടെ ജ്ഞാനം കൊണ്ട് അവര് എന്ത് നേടിയെന്ന് പൗലോസ് ഒന്നു വിലയിരുത്തി. നഗരം മുഴുവൻ ബിംബങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. എന്നിട്ടും തൃപ്തിവരാഞ്ഞ് അറിയപ്പെടാത്ത ദേവന് ഒരു കല്ലും നാട്ടിയിരിക്കുന്നു. ബുദ്ധിമാനായ പൗലോസിന് അത് ഒരു പിടിവള്ളിയായി തോന്നി. സകല ദേവിദേവന്മാരെയും സങ്കൽപ്പിച്ച് പുരാണകഥകൾ ഉണ്ടാക്കിയ ഗ്രീക്കുകാർക്ക് ദൈവം ഇന്നും അജ്ഞാതനാണ്. അവർക്ക് അജ്ഞാതനായ ദേവൻ യേശുക്രിസ്തുവാണെന്ന് പൗലോസ് തെളിയിച്ചുകൊടുത്തു. ചിലരെങ്കിലും അന്ന് യേശുക്രിസ്തുവിനെ അംഗീകരിച്ചു.

**പിശാച് എങ്ങനെയാണ് സഭയോട് പോരാടുന്നത്. ഒന്നാമത് അവൻ സഭയുടെ ഉപദേശം തെറ്റിക്കാൻ ശ്രമിക്കും. രണ്ടാമത് വിശ്വാസികളുടെ ജീവിത വിശുദ്ധി തകർക്കാൻ ശ്രമിക്കും. ഈ രണ്ട് വിഷയത്തിലും അവൻ മിക്കവാറും ജയിച്ചു കഴിഞ്ഞിരിക്കുന്നു. മറയിട്ട പള്ളി, ഔദ്യോഗിക വേഷം ഇട്ട പട്ടക്കാർ, വില നിശ്ചയിച്ച കൂദാശകൾ ഇതെല്ലാം ഉപദേശത്തിൽ സാത്താൻ കടത്തിയ ചതിവുകളാണ്. സഭയിലെ സകല വിശ്വാസികളും ഇന്ന് പുരോഹിതന്മാരും, ആയിരമാണ്ട് വാഴ്ചയിൽ രാജാക്കന്മാരുമാണ്.**

ഇത്രയും കാര്യങ്ങൾ പറഞ്ഞതിന്റെ ചുരുക്കം പറയട്ടെ. ദൈവത്തെ കൂടാതെ സങ്കല്പം വളർത്തി സത്യമറിയുവാൻ ശ്രമിക്കുംതോറും നാം ചതിക്കപ്പെടും. അതുകൊണ്ടാണ് തങ്ങൾക്ക് വെളിപ്പെട്ടു എന്ന ഭാവത്തിൽ ഭൂതപ്രേത പിശാചുക്കളെ ജനകോടികൾ ആരാധിച്ചു സ്വയം വഞ്ചിക്കുന്നത്. അതേ സമയം നിർമ്മല മനസാക്ഷി വിടാതെ നിഷ്പക്ഷമായി സത്യംതേടുന്ന ഒരു ഭക്തന്റെ ഞാൻ എന്തു ചെയ്യേണം കർത്താവേ എന്ന അപേക്ഷയ്ക്കു ലഭിക്കുന്ന മറുപടി ക്രിസ്തു. ദൈവത്തിന്റെ പൂർണ്ണ വെളിപ്പാട് ക്രിസ്തുവിലാണ്. വീണുപോയ മനുഷ്യന്റെ ഏക രക്ഷ ക്രിസ്തുവിലാണ്. വേദപുസ്തകത്തിന്റെ മുഴുവൻ സന്ദേശം ക്രിസ്തുമാത്രം എന്നുള്ളതെന്നാണ്, മറ്റുള്ളതെല്ലാം മിഥ്യയാണ്.

അല്പവാക്കുകൾ കൂടെ കുറിച്ച് ഈ ചിന്ത അവസാനിപ്പിക്കാം. ഏദെനിലും, ശാപഭൂമിയിലും മനുഷ്യനെ ചതിച്ച പിശാച് ദൈവസഭയുടെ ഇടത്തിലും ചതിയനായി വ്യാപരിക്കുന്നുണ്ട്. അലറുന്ന സിംഹംപോലെ അവൻ ചുറ്റി നടക്കുന്നു എന്നാണ് പത്രോസിന്റെ ഭാഷ. പിശാചുമായിട്ടാണ് നമുക്ക് യുദ്ധമുള്ളതെന്ന് പൗലോസും പറയുന്നു. പിശാച് എങ്ങനെയാണ് സഭയോട് പോരാടുന്നത്. ഒന്നാമത് അവൻ സഭയുടെ ഉപദേശം തെറ്റിക്കാൻ

ശ്രമിക്കും. രണ്ടാമത് വിശ്വാസികളുടെ ജീവിത വിശുദ്ധി തകർക്കാൻ ശ്രമിക്കും. ഈ രണ്ട് വിഷയത്തിലും അവൻ മിക്കവാറും ജയിച്ചു കഴിഞ്ഞിരിക്കുന്നു. മറയിട്ട പള്ളി, ഔദ്യോഗിക വേഷം ഇട്ട പട്ടക്കാർ, വില നിശ്ചയിച്ച കൂദാശകൾ ഇതെല്ലാം ഉപദേശത്തിൽ സാത്താൻ കടത്തിയ ചതിവുകളാണ്. സഭയിലെ സകല വിശ്വാസികളും ഇന്ന് പുരോഹിതന്മാരും, ആയിരമാണ്ട് വാഴ്ചയിൽ രാജാക്കന്മാരുമാണ്. സഭയിലെ ഒരു വിശ്വാസികളെയും പരിശുദ്ധനെന്ന് വിളിക്കുകയും, തിരുമേനി എന്ന് സംബോധന ചെയ്തുകൂടാത്തതുമാണ്. വാസ്തവത്തിൽ സഭയെ ഭരിക്കാനല്ല ശുശ്രൂഷിക്കുവാനാണ് ഇടയന്മാരെയും മറ്റും കർത്താവ് നിയമിച്ചത്. ഇന്ന് പെന്തെക്കോസ്ത് സഭകളിൽപോലും മേൽഭരണ സമ്പ്രദായം അടിച്ചേൽപ്പിക്കുവാൻ ഒരു ശ്രമം ഉണ്ട്. അത് ശിക്ഷ വാങ്ങിക്കുവാനുള്ള പരിപാടിയാണ്. ദൈവസഭയിലെ സകല വിശ്വാസികൾക്കും ഒരു ശുശ്രൂഷയുണ്ട്. ഇടയന്മാർ മാത്രം ശുശ്രൂഷക്കാർ എന്ന ധാരണ തെറ്റാണ്. റോമാ സഭയും മറ്റും കുപ്പായം ഇട്ട ഒരു പട്ടക്കാരനെയോ, കന്യാസ്ത്രീയെയോ മാത്രമേ വിശുദ്ധ പദവിയിൽ പ്രഖ്യാപിക്കുകയുള്ളു. പട്ടക്കാർ മാത്രം വിശുദ്ധരെന്നാണ് അതിന്റെ അർത്ഥം. പെന്തെക്കോസ്തു തലങ്ങളിലും ഈ ആശയം വ്യാപരിച്ചുവരുന്നുണ്ട്. സംഭാവന നൽകാനും പക്ഷം പിടിക്കുവാനും വേണ്ടി വന്നാൽ ബഹളം കൂട്ടാനും വിശ്വാസികളെ ഉപയോഗിക്കാം എന്ന് ചിന്തിച്ചുപോയെങ്കിൽ അത് പൊറുക്കപ്പെടാത്ത പാപമാണ്. ലേഖനങ്ങൾ വായിച്ചു നോക്കൂ. സകല വിശ്വാസികളും, വിശുദ്ധന്മാരും തമ്മിൽതമ്മിൽ സഹോദരന്മാരുമാണ്. സഭ കല്ലും, മണ്ണും, കമ്പിയും ചേർത്തുണ്ടാക്കിയ കെട്ടിടങ്ങളല്ല; അത് ആത്മാവ് വസിക്കുന്ന മന്ദിരങ്ങളാണ്. അങ്ങനെയുള്ള ആത്മാക്കളെ തേടി യേശു വേഗം വരുന്നു. നമ്മളിൽ പലരും ഇപ്പോഴും ഉല്പത്തി പുസ്തകം പഠിച്ചുവരികയാണ് എന്നാൽ കാര്യങ്ങൾ വെളിപ്പാടു പുസ്തകത്തിന്റെ അന്ത്യത്തിൽ വന്ന് നിൽക്കുന്നു. കൂടിയാലോചനകൾ ഒക്കെ ഒന്ന് കുറച്ചിട്ട് ശിശുക്കളെപ്പോലെ നിർമ്മലത കൈവരിച്ച് നമുക്ക് ദൈവഹിതം അന്വേഷിക്കാം. ഇവിടെ നാം ചതിക്കപ്പെടരുത്. ജീവിതം ഒരു ജയ്‌വിളിയായി മാറട്ടെ. അത് ഒരു നിലവിളിയായി തീരാതിരിക്കട്ടെ. വായിക്കുന്നവർക്ക് ശുഭം ഉണ്ടാകട്ടെ. ✶


## നെടുമ്പാശ്ശേരിയിൽ ദൈവസഭയുടെ ആരാധന

പാസ്റ്റർ ജോൺസൺ ജെ. ഫെർണാണ്ടസ് ശുശ്രൂഷകനായിരിക്കുന്ന Bethel Church of God (Full Gospel) in India. Nedumbassery-Athaniയിൽ ക്ലാസ്സിക് ബസ്സാറിൽ Stallions Auditorium-ത്തിൽ വെച്ച് എല്ലാ ഞായറാഴ്ചയും രാവിലെ 10.30 മുതൽ ആരാധന ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഇടമീറ്റിംഗും ഇതേ ഹാളിൽ ആഴ്ചയിൽ ഒരു ദിവസം ഉണ്ടായിരിക്കുന്നതാണ്. നെടുമ്പാശ്ശേരിയിൽ വരുന്ന ദൈവമക്കൾക്ക് ബന്ധപ്പെടുവാൻ ഈ നമ്പരുകളിലേക്ക് വിളിക്കുക.

**Mob: 9847633909, 9249289592, 8089318109**



## കൺവൻഷൻ DVD, CD ലഭ്യമാണ്

2011 ജനറൽ കൺവൻഷൻ പ്രസംഗത്തിന്റെ DVD, ഇവാ. മോഹൻ കാഞ്ഞിരമണ്ണിൽ, സിസ്റ്റർ സൂസൻ ജോൺ എന്നിവർ ആത്മനിറവിൽ രചിച്ച ഇമ്പകരമായ ഗാനങ്ങൾ അടങ്ങിയ CD, കൺവൻഷൻ പാട്ടുപുസ്തകം എന്നിവ ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

# കൂടിക്കാഴ്ചയുടെ ബാക്കിപത്രം

**പാസ്റ്റർ പി.ജി. മാത്യൂസ്** *(അസി: സ്റ്റേറ്റ് ഓവർസിയർ)*

പത്രോസിന്റെ ജീവിതത്തെ വിപ്ലവാത്മകമായി രൂപാന്തരപ്പെടുത്തിയ ഒരു കൂടിക്കാഴ്ചയെക്കുറിച്ച് ലൂക്കോസിന്റെ ചരിത്രരേഖയിൽ കാണുന്നുണ്ട്. സാധാരണക്കാരനായ ഒരു വ്യക്തിയ്ക്ക് അസാധാരണമായ ഒരു ദൈവകൃപ ലഭിച്ചു. മീൻപിടുത്തക്കാരനായി മനുഷ്യായുസ്സിന്റെ നല്ലപങ്കും ചെലവഴിച്ച വ്യക്തി ആയിരങ്ങളെ നേടിയ മനുഷ്യനെ പിടിക്കുന്നവനായി തീർന്നു. യേശുക്രിസ്തു ശീമോൻ പത്രോസിനെ കണ്ടെത്തിയ വിവരം സുവിശേഷത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "അവൻ ഗെന്നസരേത്ത് തടാകത്തിന്റെ കരയിൽ നില്ക്കുമ്പോൾ പുരുഷാരം ദൈവവചനം കേൾക്കുന്നതിന് അവനെ തിക്കികൊണ്ടിരിക്കയിൽ രണ്ട് പടക് കരയ്ക്ക് അടുത്ത് നിൽക്കുന്നതു കണ്ടു. അവയിൽ നിന്ന് മീൻ പിടുത്തക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു. ആ പടകുകളിൽ ശീമോനുള്ളതായ ഒന്നിൽ അവൻ കയറി കരയിൽനിന്നും അല്പം നീക്കേണം എന്ന് അവനോട് അപേക്ഷിച്ചു. അങ്ങനെ അവൻ പടകിൽ ഇരുന്ന് പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ച് തീർന്നപ്പോൾ അവൻ ശീമോനോട്: ആഴത്തിലേക്ക് നീക്കി മീൻ പിടിത്തത്തിന് വല ഇറക്കുവിൻ എന്ന് പറഞ്ഞു. അതിന് ശീമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിന് ഞാൻ വല ഇറക്കാം എന്ന് ഉത്തരം പറഞ്ഞു. അവർ അങ്ങനെചെയ്തപ്പോൾ പെരുത്ത മീൻ കൂട്ടം അകപ്പെട്ടു. വല കീറാറായി. അവർ മറ്റെ പടകിലുള്ള കൂട്ടാളികൾ വന്നു സഹായിപ്പാൻ അവരെ മാടി വിളിച്ചു. അവർ വന്ന് പടക് രണ്ടും മുങ്ങുമാറാകുവോളം നിറെച്ചു. ശിമോൻ പത്രോസ് അത് കണ്ടിട്ട് യേശുവിന്റെ കാല്ക്കൽ വീണു. കർത്താവേ, ഞാൻ പാപിയായൊരു മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടു പോകേണമെന്ന് പറഞ്ഞു. ആ മീൻപിടുത്തത്തിൽ അവനും അവനോടുകൂടെയുണ്ടായിരുന്ന എല്ലാവർക്കും സംഭ്രമം പിടിച്ചിരുന്നു. ശീമോന്റെ കൂട്ടാളികളായ യാക്കോബ്, യോഹന്നാൻ എന്ന സെബദിമക്കൾക്കും അവ്വണ്ണംതന്നേ. "യേശു ശീമോനോട്: ഭയപ്പെടേണ്ട, ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്ന് പറഞ്ഞു". ഈ കൂടിക്കാഴ്ചയിൽ എന്താണ് സംഭവിച്ചത്. മീൻ പിടുത്തക്കാരനായ പത്രോസ് യേശുവിന്റെ ഒരു ശിഷ്യനായി തീർന്നു എന്നു മാത്രമല്ല ദൈവത്തിന് വേണ്ടി ആത്മാക്കളെ നേടുന്നവനായി തീർന്നു. ഇതിൽ ശ്രദ്ധേയവും ആശ്ചര്യപ്രദവുമായ ഒരു വസ്തുത നാം മനസ്സിലാക്കുന്നു. ദൈവസ്നേഹത്തിന്റെയും കൃപയുടെയും മഹത്തായ സുവിശേഷം അറിയിക്കേണ്ടതിന് യേശുക്രിസ്തു തെരഞ്ഞെടുത്തത് സാധാരണക്കാരായ മീൻപിടുത്തക്കാരെയാണ്. ദൈവവിളിയുടെയും തെരഞ്ഞെടുപ്പിന്റെയും മഹത്വവും നിസ്തുല്യതയുമാണ് ആ തെരഞ്ഞെടുപ്പിൽ കാണുന്നത്. ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ പ്രവർത്തിക്കുവാൻ തക്കവണ്ണം വെറും സാധാരണക്കാരായ മനുഷ്യരെ ദൈവം തിരഞ്ഞെടുക്കു



***ദൈവത്തിന്റെ തെരഞ്ഞെടുപ്പിൽ മനുഷ്യന്റെ മഹത്വമോ, വലിപ്പമോ, ബുദ്ധിശക്തിയോ, കുടുംബത്തിന്റെയോ, തൊഴിലിന്റെയോ ശ്രേഷ്ഠതയോ പങ്ക് വഹിക്കുന്നില്ല എന്നത് ദൈവത്തിങ്കലേക്ക് വരുവാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയേയും പ്രോത്സാഹിപ്പിക്കുന്നു.***

ന്നു. ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ മഹത്വം പൗലോസ് വിലയിരുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. "സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ; ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല, ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തെരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതിനെ തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തെരഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ" (1 കൊരി. 1:26-29). വെറും സാധാരണക്കാരായ മനുഷ്യരെ ദൈ വം തിരഞ്ഞെടുത്തു ദൈവത്തിന് വേണ്ടി വൻകാര്യങ്ങളെ പ്രവർത്തിപ്പാൻ തക്കവണ്ണം ദൈവം അവ രെ രൂപാന്തരപ്പെടുത്തുന്നു. ദൈവത്തിന്റെ തെരഞ്ഞെടുപ്പിൽ മനുഷ്യന്റെ മഹത്വമോ, വലിപ്പമോ, ബുദ്ധിശക്തിയോ കുടുംബത്തിന്റെയോ, തൊഴിലിന്റെയോ, ശ്രേഷ്ഠതയോ പങ്ക് വഹിക്കുന്നില്ല എന്നത് ദൈവത്തിങ്കലേക്ക് വരുവാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയേയും പ്രോത്സാഹിപ്പിക്കുന്നു.

മീൻപിടുത്തത്തിൽ വിദഗ്ധനായ ശീമോൻ പത്രോസിന്റെ കഴിവുകൾ വിഫലമായ ഒരു സമയത്താണ് യേശു അവനോട് ഇടപെടുന്നത്. പത്രോസിന്റെ നിസ്സഹായ അവസ്ഥ ഗ്രഹിച്ച യേശുക്രിസ്തു അവനോട് ആവശ്യപ്പെട്ടതിന്റെ മറുപടിയായി അവൻ; നാഥാ ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്ന തോൽവി സമ്മതിക്കുന്നു. യേശുക്രിസ്തുവിന്റെ വാക്ക് കേട്ടപ്പോൾ പത്രോസ് ആശ്ചര്യപ്പെട്ടിരിക്കാം. താൻ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും മീൻ കിട്ടാതെ തോൽവിയടഞ്ഞതിന് ശേഷം വീണ്ടും വല ഇറക്കുകയെന്നോ? എങ്കിലും നിന്റെ വാക്കിന് വല ഇറക്കാം എന്ന് പത്രോസ് പ്രതികരിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ വെള്ളത്തിൽ ജലജന്തുക്കൾ കൂട്ടമായി ജനിക്കട്ടെ എന്ന് കല്പിച്ച അതേ വ്യക്തിയാണ് പത്രോസിനോട് ആഴത്തിലേക്ക് നീക്കി വലയിറക്കുക എന്ന് പറഞ്ഞത്. ഈ അത്ഭുത സംഭവത്തിൽ പെരുത്ത മീൻകൂട്ടത്തെ മാത്രമല്ല പത്രോസ് കണ്ടത്. തന്റെ മുമ്പിൽ നിൽക്കുന്ന ദൈവത്തിന്റെ ആളത്വത്തിന്റെയും മഹത്വത്തിന്റെയും ഒരു ദർശനം അവൻ കണ്ടു. ഭയത്തെ ഉളവാക്കുന്ന പാപത്തിന്റെ കുറ്റത്തെയും ശിക്ഷയെയും ക്ഷമിച്ച് പാപമോചനവും ആത്മരക്ഷയും തരുവാൻ യേശുക്രിസ്തു കഴിവുള്ളവനാണ്. 'ഭയപ്പെടേണ്ട' എന്ന വാക്കുകൾ പത്രോസിനെ സാന്ത്വനപ്പെടുത്തി. "ഇന്നു മുതൽ നീ മനുഷ്യനെ പിടിക്കുന്നവനാകും". പത്രോസിന്റെ ജീവിതത്തെപറ്റി യേശുക്രിസ്തുവിനുള്ള ഉന്നതമായ ഉദ്ദേശങ്ങൾ ആ വാക്കിൽ വെളിപ്പെടുത്തി. തന്റെ സമ്പത്തും ചിരകാല സുഹൃത്തുക്കളായ വലയെയും വള്ളത്തെയും പുറകിൽ തള്ളിയിട്ട് പത്രോസ് യേശുവിനെ അനുഗമിച്ചു. യേശുക്രിസ്തുവുമായുള്ള തന്റെ കൂടിക്കാഴ്ച യേശുവിനെ അനുഗമിക്കുന്ന ഒരു ശിഷ്യത്വത്തിലേക്ക് പത്രോസിനെ ആക്കി തീർത്തു. ഈ കൂടിക്കാഴ്ചയിൽ സമൂലമായ രൂപാന്തരം ഉണ്ടാകുന്നു.

പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മ ശക്തിയിൽ പത്രോസ് ഏതാനും വാക്കുകൾ ഉദ്ധരിച്ചപ്പോൾ ദൈവ നിഷേധികളായ 3000 പേർ രൂപാന്തരം പ്രാപിച്ച് ദൈവമക്കളായി തീർന്നു.

യേശുക്രിസ്തുവുമായിട്ടുള്ള കൂടിക്കാഴ്ചയിൽ നാം അവന്റെ ശിഷ്യരാകുന്നു, വലിയ രൂപാന്തരമുണ്ടാകുന്നു. ആത്മാക്കളെ നേടുന്നവരായിത്തീരുന്നു.




തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽവെച്ച് നടന്ന ജനറൽ കൺവൻഷനിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, വേൾഡ് മിഷൻ ഡയറക്ടർ റവ. ഡഗ്ലസ് ലീ റോയിക്ക് മെമന്റോ നൽകി ആദരിക്കുന്നു

# ഇങ്ങനെയും അങ്ങനെയും ആർക്കുന്ന ജനം!!

**പാസ്റ്റർ കെ. എ. ഉമ്മൻ, തിരുവല്ല**

**"ജനസംഘം കലക്കത്തിലായി മിക്കപേരും തങ്ങൾ വന്നുകൂടിയ സംഗതി എന്തെന്നു അറിയായ്കയാൽ ചിലർ ഇങ്ങനെയും ചിലർ അങ്ങനെയും ആർത്തു" (അപ്പൊ. 19:32).**

നാലുപേർ കൂടുന്നിടത്തെല്ലാം കണ്ടുവരാറുള്ള ഒരു വസ്തുതയെക്കുറിച്ചാണ് ഇവിടെ വിചിന്തനം ചെയ്യുന്നത്. മനുഷ്യന് ദൈവം നൽകിയ ചിന്താശക്തി നിമിത്തമാണ് ഏതു വിഷയങ്ങളോടും പ്രതികരിക്കുവാൻ അവനു സാധിക്കുന്നത്. എന്നാൽ യാഥാർത്ഥ്യം അറിയാതെയും ശരിയായ വിലയിരുത്തലുകൾ കൂടാതെയും പ്രതികരിക്കുന്നവരാണ് ആൾക്കൂട്ടത്തിൽ ഏറിയ പങ്കും എന്നുള്ളത് ഒരു സത്യം മാത്രമാണ്.

ഈ വിഷയത്തോടു ചേർന്ന് തിരുവചനത്തിൽ നിന്നുതന്നെ ചില സംഭവങ്ങൾ ഉദ്ധരിക്കട്ടെ. മിസ്രയീമിൽനിന്നും പുറപ്പെട്ട യിസ്രായേൽ ജനം സീനായി പർവ്വതത്തിന്റെ അടിവാരത്തിൽ പാളയമടിച്ചിരിക്കുന്നു. മോശെ പർവ്വത മുകളിൽ ദൈവകല്പന ഏറ്റുവാങ്ങുവാനായി പോയിരിക്കുന്ന സമയം- മോശെയുടെ മടങ്ങിവരവ് താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ അവർ സംഘടിച്ചു അഹരോന്റെ അടുക്കൽ ഒരു ആവശ്യവുമായി എത്തി. വളരെ വൈരുദ്ധ്യം നിറഞ്ഞ ഒരാവശ്യമായിരുന്നു ജനത്തിന്റേത്. അവരുടെ മുമ്പിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കിക്കൊടുക്കണം. അഹരോനും ജനത്തിന്റെ ആവശ്യത്തിനു കൂട്ടുനിന്നു എന്നു മാത്രമല്ല, അത് സാധിച്ചു കൊടുക്കുന്നതിൽ മുൻപന്തിയിൽനിന്നു. കാര്യം പെട്ടെന്നുതന്നെ നടന്നു. പൊന്നിൽ വാർത്തെടുത്ത ഒരു ദൈവം കാളക്കുട്ടിയുടെ രൂപത്തിൽ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. യാഥാർത്ഥ്യബോധം നഷ്ടപ്പെട്ട ജനം സത്യദൈവത്തെ മറന്ന് ഒരു കാളക്കുട്ടിയുടെ മുമ്പാകെ ആരാധന ആരംഭിച്ചു. വളരെ വിചിത്രമായ ഒരുഗാന പ്രതിഗാനം അവരുടെ നടുവിൽ നിന്നും കേൾക്കാം. അതായത് മിസ്രയീം ദേശത്തുനിന്നും അവരെ പുറപ്പെടുവിച്ചുകൊണ്ടുവന്നത് ആ കാളക്കുട്ടി ദൈവമാണത്രെ. എത്ര ഭയങ്കരം! മിസ്രയീമ്യരുടെമേൽ ന്യായവിധി അയച്ച് അടിമത്വത്തിൽനിന്നും അത്ഭുതകരമായി അവരെ വിടുവിച്ച യഹോവയെ അവർ മറന്നുകളഞ്ഞു. ചെങ്കടലിനെ രണ്ടായി വിഭാഗിച്ച് ഉണങ്ങിയ നിലത്തെന്നപോലെ അവരെ നടത്തിയ മഹാ ദൈവത്തിനു പകരം ഒരു കാളക്കുട്ടിയുടെ വിഗ്രഹം അവരുടെ ദൈവമായി മാറി. സ്വർഗ്ഗീയ മന്നാ പൊഴിച്ചുകൊടുത്തു അവരുടെ വിശപ്പടക്കിയ വലിയ ദൈവത്തെ ഇപ്പോൾ മനുഷ്യനിർമ്മിതമായ ഒന്നിനോടു സാദൃശ്യപ്പെടുത്തുന്നു. യഹോവയ്ക്ക് അർപ്പിക്കേണ്ട ഹോമയാഗങ്ങളും സമാധാന യാഗങ്ങളും അവർ സൃഷ്ടിച്ച പുതിയ ദൈവത്തിന്റെ മുമ്പിൽ അർപ്പിക്കുക മാത്രമല്ല, തീറ്റിയും കുടിയും ഒക്കെ തകൃതിയായി പാളയത്തിൽ നടമാടുന്നു. ദൈവം നോക്കിയപ്പോൾ ജനം തങ്ങളെത്തന്നെ വഷളാക്കിയതായി കണ്ടു. മോശെ സാക്ഷ്യപ്പലകകളുമായി പർവ്വതത്തിൽനിന്നു ഇറങ്ങിവന്നപ്പോൾ കണ്ടത് കാളക്കുട്ടിയുടെ മുമ്പിൽ നൃത്തച്ചുവടുകൾ വെയ്ക്കുന്നവരെയും ഗാനപ്രതിഗാനം പാടി അതിനെ ആരാധിക്കുന്ന ജനത്തെയുമാണ്. ജനത്തിന്റെ ആർപ്പുവിളിയുടെ ശബ്ദം ജയിച്ചു ആർക്കുന്നവരുടെ ഘോഷമല്ല, തോറ്റു നിലവിളിക്കുന്നവരുടെ നിലവിളിയുമല്ലായിരുന്നു. ഗാനപ്രതിഗാനം ചെയ്യുന്നവരുടെ ഘോഷമായിരുന്നു. തെറ്റും ശരിയും ഒന്നും നോക്കാതെ എന്തും ഏറ്റുപാടുന്നവരുടെ ശബ്ദമായിരുന്നു അത്. സത്യ ദൈവത്തെ കാളക്കുട്ടിയോടു സാദൃശ്യപ്പെടുത്തി അതിന്റെ മുമ്പിൽ ആരാധന കഴിക്കുവാൻ തയ്യാറായവരുടെ വിചിത്രസ്വരം. ഇങ്ങനെയും അങ്ങനെയും ആർക്കുന്ന ജനക്കൂട്ടം. അവന്റെ വൃതനായ മോശെ ദൈവകോപത്തെ ശമിപ്പിപ്പാൻ അവന്റെ സന്നിധിയിൽ പിളർപ്പിൽ നിന്നില്ലായിരുന്നെങ്കിൽ അവൻ അവരെ നശിപ്പിച്ചുകളയുമായിരുന്നു (സങ്കീ.106:23). ഈ ദുർസ്ഥിതിയിലും മോശെയുടെ ആഹ്വാനപ്രകാരം ദൈവത്തിന്റെ പക്ഷത്തുനിൽക്കുവാൻ ഒരുകൂട്ടർ ഉണ്ടായിരുന്നുവെന്നത് സന്തോഷകരമായ ഒരു വസ്തുതയാണ്. കഴിഞ്ഞ നാളുകളിൽ അത്ഭുതകരമായ വിടുതലുകളും അർഹിക്കാത്ത അനുഗ്രഹങ്ങളും ദാനമായി നൽകിയ ദൈവത്തെയും അവന്റെ പ്രമാണങ്ങളെയും മനസ്സോടെ മറന്നുക

ളഞ്ഞ് ജീവിതത്തിൽ വിഗ്രഹതുല്യമായ പലതി ലേക്കും മനം ചായ്ച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ വിശ്വാസഗണത്തിന്റെ മദ്ധ്യേയും ഇത് ഒരു യാഥാർത്ഥ്യംതന്നെ.

തിരുവചനത്തിലെ മറ്റൊരു സംഭവംകൂടി ശ്രദ്ധി ക്കാം. ബാബേൽ പ്രവാസത്തിലേക്കുപോയ യഹൂ ദാ ജനത്തോട് ദൈവം കരുണകാണിച്ചു പാഴ്സി രാജാവായ കോരെശിന്റെ മനസ്സിനെ ഉണർത്തു കയും തദ്വാരാ സെരൂബ്ബാബേലിന്റെ നേതൃത്വ ത്തിൽ പ്രവാസികളുടെ ഒരുകൂട്ടം യെരുശലേമിൽ മടങ്ങി എത്തുകയും ചെയ്തു. തീവെച്ചു നശിപ്പി ക്കപ്പെട്ട പഴയ ആലയത്തിനു പകരം പുതിയ ഒരു ദേവാലയത്തിന്റെ പണിക്കായി അടിസ്ഥാനമിട്ട പ്പോൾ വിശുദ്ധ വസ്ത്രം ധരിച്ച പുരോഹിതന്മാരും ആസാഫ്യരായ ലേവ്യരും യഹോവ നല്ലവൻ, യി സ്രായേലിനോടുള്ള അവന്റെ ദയ എന്നേക്കുമു ള്ളത് എന്നിങ്ങനെ ഗാനപ്രതിഗാനമായി വാഴ്ത്തി സ്തുതിച്ചു. ജനമെല്ലാം അത്യുച്ചത്തിൽ ആർത്തു കൊണ്ടിരുന്നു. തിരുവചനം രേഖപ്പെടുത്തിയിരിക്കു ന്നത് ഇപ്രകാരമാണ്. എന്നാൽ പുരോഹിതന്മാ രിലും ലേവ്യരിലും പിതൃഭവനത്തലവന്മാരിലും മുമ്പിലത്തെ ആലയം കണ്ടിട്ടുള്ള വയോധികന്മാ രായ അനേകർ ഈ ആലയത്തിന്റെ അടിസ്ഥാനം ഇട്ടുകണ്ടപ്പോൾ ഉറക്കെ കരഞ്ഞുപോയി. മറ്റു പലരും സന്തോഷത്തോടെ ഉച്ചത്തിൽ ആർത്തു. അങ്ങനെ ജനത്തിൽ സന്തോഷത്തിന്റെ ശബ്ദവും കരച്ചിലിന്റെ ശബ്ദവും തമ്മിൽ തിരിച്ചറിവാൻ കഴി യാതെയിരുന്നു (എസ്രാ.3:12-13). ഒരേ സംഭവത്തി ന്റെ മുമ്പിൽ ഒരേ സമയം ചിലർ കരയുന്നു; ചിലർ ആർക്കുന്നു. ഇതിന്റെ കാരണം അറിയണമെങ്കിൽ 2 ദിന. 36:11-20 വരെയുള്ള ഭാഗം വായിക്കണം. ഏഴു വർഷംകൊണ്ട് മഹാനായ ശലോമോൻ തന്റെ പ്രതാപത്തിനൊത്തവണ്ണം പണികഴിപ്പിച്ച യെരു ശലേം ദേവാലയം ശത്രുകരങ്ങളാൽ ചുട്ടുകരിക്ക പ്പെട്ടതിന്റെ ചരിത്രം അറിയാവുന്ന കുറെ വന്ദ്യവ യോധികർ അവിടെ ഉണ്ടായിരുന്നു. അവരുടെ കണ്ണുകളാണ് നിറഞ്ഞു തുളുമ്പിയത്. എന്നാൽ പൂർവ്വ ചരിത്രം അറിയാത്ത പുതുതലമുറക്കാർ ഒരു പുതിയ ദേവാലയത്തിന്റെ പണി കണ്ടു സ ന്തോഷിച്ചു. ഇന്ന് കേരളത്തിലെ പെന്തെക്കോസ്തു സമൂഹത്തിലും ഇത് ആവർത്തിക്കപ്പെടുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. വിശുദ്ധിക്കും വേർപാടിനും വേണ്ടി പടപൊരുതിയ വിശ്വാസ വീര ന്മാരുടെ ചരിത്രം അറിയാവുന്ന ചില പഴമക്കാർ ഇന്നും ഉണ്ട്. കാലചക്രം തിരിഞ്ഞപ്പോൾ യഹൂ ദാരാജത്വത്തിലെ ഒടുവിലത്തെ രാജാവായ സിദെ ക്കിയാവിന് സംഭവിച്ച ദുർവിധിപോലെ ദൈവജന ത്തിന്റെ നടുവിൽനിന്നും മേൽത്തരവും ശ്രേഷ്ഠവു മായതെല്ലാം ശത്രുകൊള്ളയടിച്ചു നശിപ്പിച്ചു. ശബ്ദം ഉണ്ട്, ശക്തിയില്ല. നാമം ഉണ്ട്, മൂല്യം ഇല്ല. പുതി യതൊന്ന് കെട്ടുപണി നടത്തുമ്പോൾ പഴയകാല അനുഭവങ്ങളോർത്തു ദുഃഖിക്കുന്ന ചിലരുണ്ട്. അവർക്കു പഴയ ചരിത്രം വിസ്മരിക്കുവാൻ സാധി ക്കുകയില്ല. അതുതന്നെ ആ ദുഃഖത്തിന്റെ കാര ണം. മറ്റുള്ളവർക്കു തിരിച്ചറിയുവാൻ കഴിയാത്ത ശബ്ദം അഥവാ ചിലർ അങ്ങനെയും ചിലർ ഇങ്ങ നെയും ആർക്കുന്നു.

ദൈവത്തിന്റെ ദാസനായ പൗലോസ് ആസ്യ യിൽ താമസിക്കുന്ന കാലയളവിൽ ദെമെത്രിയോസ് എന്ന തട്ടാനും കൂടെയുള്ളവരും ചേർന്ന് തനിക്ക് എതിരായി കൂട്ടുകെട്ടുണ്ടാക്കിയതിനെക്കുറിച്ചു അപ്പൊ.പ്രവൃത്തി 19-ാം അദ്ധ്യായത്തിൽ കാണു ന്നു. വെള്ളികൊണ്ട് അർത്തമീസ് ദേവിയുടെ ക്ഷേ ത്രരൂപങ്ങളെ ഉണ്ടാക്കി വലിയ ലാഭം കൊയ്തു കൊണ്ടിരുന്ന ദെമെത്രിയോസിന്റെയും കൂട്ടരുടെ യും ബിസിനസു പൊളിയുവാൻ കാരണം ദൈവ ത്തിന്റെ ദാസൻ ആ സ്ഥലങ്ങൾ സന്ദർശിച്ചു സത്യ സുവിശേഷം അറിയിച്ചു എന്നതായിരുന്നു. അതുകൊണ്ടത്രെ അവർ കോപം പൂണ്ടു പട്ടണ ത്തെ കലഹത്തിലേക്ക് നയിച്ചത്. തുടർന്നുണ്ടായ സംഭവത്തെക്കുറിച്ചു വായിക്കുന്നത് കലഹിക്കുന്ന ജനക്കൂട്ടം കലക്കത്തിലായി മിക്കപേരും തങ്ങൾ വന്നുകൂടിയ സംഗതി എന്തെന്നു അറിയായ്കയാൽ ചിലർ ഇങ്ങനെയും ചിലർ അങ്ങനെയും ആർത്തു എന്നാണ് (അപ്പൊ. 19:32). കാര്യമറിയാതെ കല ഹിക്കുന്ന ജനം. നോക്കുക വിഷയം അറിയാതെ ആർപ്പിടുന്ന ജനക്കൂട്ടം. ഇന്നത്തെ ദൈവമക്കളുടെ ഇടയിലും ഇത്തരക്കാർ ധാരാളമുണ്ട്. കാര്യം അറി യാതെ കാരണം കണ്ടെത്തുന്നവർ. വിഷയം അറി യാതെ അഭിപ്രായം രേഖപ്പെടുത്തുന്നവർ. സത്യം എന്തെന്നറിയുവാൻ ശ്രമിക്കാതെ ഭോഷ്കിനു കൂട്ടു നിൽക്കുന്നവർ. യാഥാർത്ഥ്യം അറിയാതെ തീർപ്പു കല്പിക്കുന്നവർ. സഭകളിൽ ഉളവാകുന്ന മിക്ക പ്രശ്നങ്ങളുടെയും മൂലകാരണം വസ്തുതകളറി യാതെ ഇങ്ങനെയും അങ്ങനെയും ആർക്കുന്ന ചിലരാണെന്നുള്ളത് തർക്കമറ്റ സംഗതിയാണ്.

# 2011ലെ ജനറൽ കൺവൻഷൻ റിപ്പോർട്ട്

ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭാ കേരളാ സ്റ്റേറ്റിന്റെ എൺപത്തിയെട്ടാമത് ബിഗ്മൂവ് ജനറൽ കൺവൻഷൻ 2011 ജനുവരി 17 മുതൽ 23 വരെ തിരുവല്ല കൺവൻഷൻ സ്റ്റേഡിയത്തിൽ നടന്നു. ജനുവരി 17 തിങ്കളാഴ്ച വൈകിട്ട് 3 മണിക്ക് ശുശ്രൂഷകന്മാരുടെയും സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, സ്റ്റേറ്റ് ബോർഡ് ഭാരവാഹികൾ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, ബിലീവേഴ്സ് ബോഡി പ്രതിനിധികൾ, സഭാ പ്രതിനിധികൾ എന്നിവരുടെയും സംയുക്ത സമ്മേളനത്തിൽ ദൈവസഭാ കേരളാ സ്റ്റേറ്റിന്റെ 2009-2010ലെ ഇന്റേണൽ ഓഡിറ്റിംഗ് നടത്തിയ വരവു ചിലവു കണക്കുകളും പ്രവർത്തന പദ്ധതികളും ബ്രദർ ഏബ്രഹാം ഫിലിപ്പോസും ബ്രദർ കെ. ഏബ്രഹാമും അവതരിപ്പിക്കുകയുണ്ടായി.

തുടർന്ന് വൈകിട്ട് 5.30 മണിക്ക് അസി. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ എസ്.എസ്. ഡയറക്ടർ പാസ്റ്റർ ജോസ് ബേബിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഫീൽഡ് സെക്രട്ടറി പാസ്റ്റർ ഈപ്പൻ ചെറിയാൻ സങ്കീർത്തനം വായിക്കുകയും, കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം.ഒ. ഏലിയാസ് സ്വാഗതം അറിയിക്കുകയും ചെയ്തു. അദ്ധ്യക്ഷന്റെ ആമുഖ പ്രസംഗത്തിനുശേഷം, സ്റ്റേറ്റ് ബോർഡ് വൈസ് പ്രസിഡന്റ് ബ്രദർ സി. പി. വർഗ്ഗീസ്, ബ്രദർ കെ. വി. ഫിലിപ്പ്, പാസ്റ്റർ തോമസ് പോൾ (മൈസൂർ) എന്നിവർ ആശംസകൾ അറിയിച്ചു. ഇവാ. മോഹൻ കാഞ്ഞിരമണ്ണിൽ (യു.എസ്.എ.), സിസ്റ്റർ സൂസൻ ജോൺ (യു.എസ്.എ.) എന്നിവർ രചിച്ച തീം തോംഗ് ഗായകസംഘം ആലപിക്കുകയും അവർ കൺവൻഷനുവേണ്ടി സമർപ്പിച്ച സി.ഡി.കൾ പ്രകാശനം ചെയ്യുകയും ചെയ്തു.

ഈ വർഷത്തെ കൺവൻഷനുവേണ്ടി നേരത്തെ തീരുമാനിച്ചതിൻപ്രകാരമുള്ള Forward together for the harvest അഥവാ കൊയ്ത്തിനായി നാം ഒന്നിച്ചു മുന്നോട്ട് എന്നുള്ള തീം അവതരിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി തിരുവചനത്തിൽനിന്നും ശുശ്രൂഷിക്കുകയും പ്രാർത്ഥിച്ച് കൺവൻഷൻ ഉത്ഘാടനം ചെയ്യുകയുമുണ്ടായി. തുടർന്ന് പാസ്റ്റർ പി. ജി. ശമുവേലിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടുംകൂടി കൺവൻഷന്റെ ഒന്നാം ദിനം സമാപിച്ചു.

ചൊവ്വാഴ്ച വൈകിട്ടത്തെ യോഗത്തിൽ ചർച്ച് ഗ്രോത്ത് ഡയറക്ടർ പാസ്റ്റർ പി. സി.ചെറിയാനും, ഇൻഡ്യാ റെപ്രെസെന്റേറ്റീവ് പാസ്റ്റർ കെ. സി. ജോണും വചനം ശുശ്രൂഷിച്ചു. അനന്തരം കർത്തൃദാസൻ ഇവാ. പി. ഐ. ഏബ്രഹാം (കാനം അച്ചൻ) സമാപന ദൂത് അറിയിച്ചു.

ബുധനാഴ്ച വൈകിട്ട് നടന്ന യോഗത്തിൽ റവ. സണ്ണി താഴാംപള്ളം (യു.എസ്.എ.), റവ. കെ. ജെ. മാത്യു (യു.എസ്.എ.) എന്നിവർ തിരുവചനത്തിൽനിന്നും ശുശ്രൂഷിച്ചനന്തരം അന്തർദേശീയ ദൈവസഭയുടെ വേൾഡ് മിഷൻ ഡയറക്ടർ റവ. ഡഗ്ലസ് ലീ റോയ് സമാപന സന്ദേശം അറിയിച്ചു.

വ്യാഴാഴ്ച 9.30 മുതൽ 1 മണി വരെ ലേഡീസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ ഷോൺ തോമസ് സ്വാഗതം ആശംസിക്കുകയും, എൽ.എം. പ്രസിഡന്റ് സിസ്റ്റർ അന്നമ്മ കുഞ്ഞപ്പി ആമുഖ പ്രസംഗം നടത്തുകയും, എൽ.എം. ജനറൽ സെക്രട്ടറി സിസ്റ്റർ ഏലിയാമ്മ വർഗ്ഗീസ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സിസ്റ്റർ ലല്ലി (കുവൈറ്റ്), സിസ്റ്റർ സൂസൻ തോമസ് (ബഹ്റിൻ) എന്നിവരുടെ വചന ശുശ്രൂഷയെ തുടർന്ന് പാസ്റ്റർ എം. കുഞ്ഞപ്പി പ്രസംഗിച്ചു. എൽ.എം. മിനിസ്ട്രിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ പാസ്റ്റർ പി. ജി. മാത്യൂസിന്റെ പ്രാർത്ഥനയോടും ഡോ. ജോളി താഴാംപള്ളം (യു.എസ്.എ.)യുടെ ആശംസാ സന്ദേശത്തോടുംകൂടി ഉദ്ഘാടനം ചെയ്യപ്പെടുകയും, സിസ്റ്റേഴ്സ് ഡോളി ജോസൻ, ഏലിയാമ്മ ജോൺ, അമ്മുക്കുട്ടി, ലീലാമ്മ അലക്സാണ്ടർ, ലീലാമ്മ ജോൺ, ശോഭാ കാർഡ്സ്, റോസമ്മ തോമസ് എന്നീ എൽ.എം. ഭാരവാഹികൾ വിവിധ സഹായങ്ങൾ തെരഞ്ഞെടുക്ക

പ്പെട്ടവർക്ക് വിതരണം നടത്തുകയും ചെയ്തു. ഇതോടനുബന്ധിച്ച് ഡോ. ജോയി ജോസഫ് (യു.എസ്. എ.) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട 25 ശുശ്രൂഷകന്മാരുടെ വിധവമാർക്ക് സാമ്പത്തിക സഹായം നൽകുകയുണ്ടായി. സിസ്റ്റർ അക്കാമ്മ ജോർജ്ജ് നന്ദി പ്രകാശിപ്പിച്ചു.

വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4.30 വരെ നടന്ന മിഷൻസ് ഡേ മീറ്റിംഗിൽ ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ കെ. വി. ജോയിക്കുട്ടി അദ്ധ്യക്ഷത വഹിച്ചു. ഇവാഞ്ചലിസം, ചർച്ച് ഗ്രോത്ത്, കൗൺസിലിംഗ്, ഹോം മിഷൻ, പ്രെയർ സെൽ എന്നിങ്ങനെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും കൺവൻഷൻ ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയും പാസ്റ്റേഴ്സ് ജോൺസൺ ഡാനിയേൽ, പി. സി. ചെറിയാൻ, റ്റി. എ. ജോർജ്ജ്, വി. ജെ. കുഞ്ഞുമ്മൻ, മാത്യു കെ. ഫിലിപ്പ് എന്നിവർ സംസാരിച്ചു.

അന്നു വൈകിട്ടു നടന്ന യോഗത്തിൽ റവ. ജോൺ തോമസ് (യു.എസ്.എ.), പാസ്റ്റർ പി. ആർ. ബേബി, പാസ്റ്റർ പി. എ. വി. സാം എന്നിവർ വചനപ്രഘോഷണം നടത്തി.

വെള്ളിയാഴ്ച രാവിലെ ദൈവസഭയുടെ വിവിധ ബൈബിൾ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ ഗ്രാഡുവേഷൻ സർവീസ് നടന്നു. എഡ്യൂക്കേഷൻ ഡയറക്ടർ പാസ്റ്റർ പി. ജെ. ജെയിംസ് പ്രസ്തുത പ്രോഗ്രാമിന്റെ അദ്ധ്യക്ഷനായിരുന്നു. മൗണ്ട് സയോൺ ബൈബിൾ കോളേജ് ഐ.സി.റ്റി. എസ്., ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്, മൗണ്ട് പാറാൻ ബൈബിൾ കോളേജ് എന്നിവയുടെ പ്രവർത്തന റിപ്പോർട്ട്, പാസ്റ്റർ ഷിബു കെ. മാത്യു, പാസ്റ്റർ സജു തോമസ്, സിസ്റ്റർ സൂസി ജോൺസൺ, പാസ്റ്റർ ബെന്നി ശമുവേൽ എന്നിവർ യഥാക്രമം അവതരിപ്പിച്ചു. അന്തർദേശീയ ദൈവസഭാ ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൺ, റവ. ഡഗ്ലസ് ലീ റോയ് എന്നിവർ തിരുവചനം ശുശ്രൂഷിക്കുകയും, സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി വിദ്യാർത്ഥികൾക്കുള്ള ദൂത് നൽകി സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യുകയും ചെയ്തു.

ഉച്ചയ്ക്ക് പകൽ നടന്ന പ്ലാനിംഗ് ബോർഡ്, സ്റ്റേറ്റ് ബോർഡ്, ചാരിറ്റി & വെൽഫയർ ബോർഡ് എന്നിവയുടെ അവലോകന യോഗത്തിൽ സെക്രട്ടറി ബ്രദർ കെ. ഏബ്രഹാം, സെക്രട്ടറി ബ്രദർ ഏബ്രഹാം ഫിലിപ്പോസ്, ഡയറക്ടർ ബ്രദർ ജേക്കബ് ഇട്ടി എന്നിവർ സംസാരിക്കുകയും പാസ്റ്റർ പി. പി. കുര്യൻ, പാസ്റ്റർ എ. എം. വർഗ്ഗീസ് എന്നിവർ വചനത്തിൽനിന്നും ശുശ്രൂഷിക്കുകയും ചെയ്തു. അന്നേ ദിവസം 3 മണിക്ക് മുളക്കുഴയിൽ പണി പൂർത്തീകരിച്ച വൈ.ഡബ്ല്യൂ.ഇ.എ. പ്രോജക്ട് കെട്ടിടത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷയും മുളക്കുഴയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഓർഫനേജ് കെട്ടിടത്തിന്റെ ശിലാസ്ഥാപനവും റവ. ഡഗ്ലസ് ലീ റോയിയും, റവ. കെൻ ആൻഡേഴ്സനും ചേർന്ന് നിർവ്വഹിക്കുകയുണ്ടായി.

വൈകിട്ടത്തെ യോഗത്തിൽ പ്രൊഫ. സുശീൽ മാത്യു, റവ. ജോസഫ് ശമുവേൽ (യു.എസ്.എ.) എന്നിവരുടെ വചനശുശ്രൂഷയെ തുടർന്ന് റവ. ഡഗ്ലസ് ലീ റോയി സമാപന ദൂത് നൽകി.

ശനിയാഴ്ച രാവിലത്തെ സ്നാനശുശ്രൂഷയ്ക്ക് പാസ്റ്റർ കെ. ടി. വർഗ്ഗീസ് ക്ലാസ് എടുക്കുകയും പാസ്റ്റർ എൻ. സി. ചാക്കോ സ്നാനശുശ്രൂഷ നിർവഹിക്കുകയും ചെയ്തു.

9.30 മുതൽ 1 മണി വരെ നടന്ന സൺഡേസ്കൂൾ പ്രോഗ്രാമിൽ എസ്.എസ്. ഡയറക്ടർ പാസ്റ്റർ ജോസ് ബേബി അദ്ധ്യക്ഷത വഹിച്ചു. റവ. ജോൺസൺ സഖറിയ (യു.എസ്.എ.) സിസ്റ്റർ ജോളി താഴാംപള്ളം (യു.എസ്.എ.) എന്നിവർ വചനത്തിൽനിന്നും ശുശ്രൂഷിച്ചു. സ്റ്റേറ്റ് ഓവർസീയർ സമ്മാനദാനം നിർവ്വഹിച്ചു.

2 മണി മുതലുള്ള വൈ.പി.ഇ. പ്രോഗ്രാമിൽ വൈ.പി.ഇ. പ്രസിഡന്റ് പാസ്റ്റർ വൈ. റെജി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റേഴ്സ് ഷിബു കെ. മാത്യു, ബെൻസ് ഏബ്രഹാം എന്നിവർ വചനത്തിൽനിന്നും ശുശ്രൂഷിച്ചു. സ്റ്റേറ്റ് ഓവർസീയർ സമ്മാനദാനം നൽകി.

വൈകിട്ടത്തെ യോഗത്തിൽ റവ. റ്റി. തോമസ്, റവ. ഷാജി കെ. ഡാനിയേൽ (യു.എസ്.എ.) ഫീൽഡ് ഡയറക്ടർ കെൻ ആൻഡേഴ്സൻ എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു.

സ്റ്റേറ്റ് ഓവർസീയറുടെ അദ്ധ്യക്ഷതയിലും പാസ്റ്റർ പി. ജെ. ജെയിംസിന്റെ നേതൃത്വത്തിലും നടന്ന ഞായറാഴ്ചത്തെ ആരാധനായോഗത്തിൽ എല്ലാ വർഷങ്ങളെയും അപേക്ഷിച്ചു വലിയ ജനക്കൂട്ടം പങ്കെ

ടുത്തു. മുൻ വർഷത്തെക്കാൾ വിശാലമായ പന്തൽ ക്രമീകരണം ഉണ്ടായിരുന്നെങ്കിലും വർദ്ധിച്ച ജനക്കൂട്ടത്തെ ഉൾക്കൊള്ളുവാൻ അത് പര്യാപ്തമായിരുന്നില്ല. പാസ്റ്റർ എം. ഒ. ഏലിയാസ് സങ്കീർത്തനം വായിക്കുകയും പാസ്റ്റർ എം. കുഞ്ഞപ്പി വചനത്തിൽനിന്നും ശുശ്രൂഷിക്കുകയും ചെയ്തു. പാസ്റ്റർ പി. ജി. മാത്യൂസ് കർത്തൃമേശയ്ക്ക് വേണ്ടിയ ദൂത് നൽകുകയും സ്റ്റേറ്റ് ഓവർസീയറുടെ നേതൃത്വത്തിൽ അനുഗ്രഹീതമായ നിലയിൽ കർത്തൃമേശ ശുശ്രൂഷ നടത്തുകയുമുണ്ടായി. അമേരിക്ക, കാനഡ, വിവിധ ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്നും വന്ന പല കർത്തൃദാസന്മാരും ദൈവമക്കളും ആശംസകൾ അറിയിച്ചു. റവ. കെൻ ആൻഡേഴ്സൻ ഈ വർഷത്തെ കൺവൻഷന്റെ സമാപന ദൂത് അറിയിച്ചു. ബ്രദർ ഏബ്രഹാം ഫിലിപ്പോസ് കൺവൻഷനിൽ ശുശ്രൂഷിച്ചവർക്കും പങ്കെടുത്തവർക്കും ഇതിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഏവർക്കും നന്ദി അറിയിച്ചു. ആത്മനിറവിൽ പ്രത്യാശയുടെ ഗാനം പാടി നാഥന്റെ വരവ് താമസിച്ചാൽ അടുത്തവർഷം കാണാം എന്നുപറഞ്ഞ് പരസ്പരം വിശുദ്ധചുംബനം നൽകിക്കൊണ്ട് അനുഗ്രഹ നിറവോടെ ജനം കൺവൻഷൻ ഗ്രൗണ്ടിൽനിന്നും പിരിഞ്ഞുപോയി.

ചൊവ്വാഴ്ച മുതൽ ശനിയാഴ്ച വരെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ ധ്യാനയോഗവും രാത്രിയിൽ കാത്തിരിപ്പു യോഗവും നടന്നു.

പകലത്തെ യോഗങ്ങളിൽ പാസ്റ്റേഴ്സ് എം. ജോൺസൺ, എ. ടി. ജോസഫ്, വൈ. ജോസ്, കെ. എ. ഉമ്മൻ, വിനോദ് ജേക്കബ്, കെ. ടി. വർഗ്ഗീസ്, ജെ. ജോസഫ്, സാജു പി. തോമസ്, റവ. സണ്ണി താഴാംപള്ളം, സജി ജോർജ്ജ്, ജോൺ ഫിലിപ്പ്, തോമസ് എം. പുളിവേലിൽ തുടങ്ങിയവർ പ്രസംഗിക്കുകയും വൈകിട്ടത്തെ യോഗങ്ങളിൽ പാസ്റ്റേഴ്സ് പി. എൻ. ഫിലിപ്പ്, തോമസ് ജോർജ്ജ്, വി. ജെ. കുഞ്ഞുമ്മൻ, ഈപ്പൻ ചെറിയാൻ, പി. ജി. ശമുവേൽ എന്നിവർ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. പകലത്തെ വിവിധ സെഷനുകളിൽ ഡിസ്ട്രിക്റ്റിന്റെ ചുമതല വഹിക്കുന്ന കർത്തൃദാസന്മാർ അദ്ധ്യക്ഷത വഹിച്ചു.

ദൈവസഭാ ക്വയറിനെക്കൂടാതെ സെലിബ്രേറ്റ് സിംഗേഴ്സ്, ക്രൈസ്റ്റ് സിംഗേഴ്സ് എന്നിവരും സംഗീത ശുശ്രൂഷ നിർവഹിച്ചു. പാസ്റ്റേഴ്സ് പി. എസ്. രാജൻ, പാസ്റ്റർ റ്റി. എ. ജോർജ്ജ് എന്നിവർ ഗാനശുശ്രൂഷക്കു നേതൃത്വം നൽകി.

പാസ്റ്റർ പി. ആർ. ബേബി ശുശ്രൂഷിക്കുന്ന ഫെയ്ത്ത് സിറ്റി ചർച്ച് എറണാകുളം സ്പോൺസർ ചെയ്ത പുതിയ വിശാലമായ സ്റ്റേജ് എല്ലാ നിലയിലും സൗകര്യപ്രദമായിരുന്നു.

പാസ്റ്റേഴ്സ് ജോസ് ബേബി, കെ. എ. ഉമ്മൻ എന്നിവരുടെ നേതൃത്വത്തിലും മറ്റു കർത്തൃദാസന്മാരുടെയും സ്റ്റേറ്റ് ബോർഡ് അംഗങ്ങളുടെയും സഹകരണത്തിലും തിങ്കളാഴ്ച വൈകിട്ട് മുതൽ ഞായറാഴ്ച ഉച്ചവരെയുള്ള സമയങ്ങളിൽ ഭക്ഷണ ക്രമീകരണം ഉണ്ടായിരുന്നത് മുഖാന്തിരം എല്ലാ യോഗങ്ങളിലും പങ്കെടുക്കുവാൻ ദൈവജനത്തിനു കഴിഞ്ഞു. കെസിയ കേറ്ററിംഗ് സർവ്വീസാണ് ഈ ദിവസങ്ങളിൽ രുചിപ്രദമായ ഭക്ഷണം തയ്യാറാക്കിയത്. ഭക്ഷണത്തിനുവേണ്ടി സ്വദേശത്തും വിദേശത്തുമുള്ള ചില പ്രിയപ്പെട്ടവർ സാമ്പത്തിക സഹായം നൽകി.

മുംബെയിൽനിന്നും എത്തിയ ഇവാ. അനിൽ കൊച്ചാറിന്റെ ഹിന്ദി ഗാനങ്ങളും അനുഭവ സാക്ഷ്യവും ആത്മീക ശുശ്രൂഷയും അനുഗ്രഹമായിരുന്നു.

സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പാസ്റ്റർ ടി.സി. ബിനു, പാസ്റ്റർ സജു തോമസ്, ജോയി ചാക്കോ, ബ്രദർ മോൻസി മാങ്കുളങ്ങര, ഐ.സി.റ്റി.എസ്. വിദ്യാർത്ഥികൾ കൺവൻഷൻ ഗ്രൗണ്ടിലെ ക്രമീകരണങ്ങൾക്കായി പ്രശംസനീയമായ സേവനം ചെയ്തു. സ്റ്റേറ്റ് ഓഫീസ് പതിവുപോലെ കൺവൻഷൻ ഗ്രൗണ്ടിൽ ബ്രദേഴ്സ് ജോൺ പി. നൈനാൻ, എ.എം. ഏലിയാസ്, ബിനോയ്, പി. എം. ഏബ്രഹാം, പാസ്റ്റർ എ. എം. ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു. ബ്രദർ ടി.യോഹന്നാൻ, ലിറ്ററേച്ചർ ഡയറ്കടറുടെ നേതൃത്വത്തിൽ ദൈവസഭാ ബുക്ക് സ്റ്റാളും കർമ്മനിരതമായിരുന്നു.

എല്ലാ മാനവും മഹത്വവും കർത്താവിന് അർപ്പിക്കട്ടെ.

**പാസ്റ്റർ എം. ഒ. ഏലിയാസ്**
(കൗൺസിൽ സെക്രട്ടറി)

# ഇന്നത്തെ ദൈവജനം ഇയ്യോബിനെപ്പോലെ ആയിത്തീർന്നെങ്കിൽ!!

ജോർജ്ജ് വർഗ്ഗീസ് ചിറ്റേഴത്ത്, ഡാളസ്

പുതിയ വർഷത്തിൽ പുത്തൻ അനുഭവങ്ങൾക്കായി എല്ലാവരും ആഗ്രഹിക്കുന്നു. ബിസിനസ്സുകാർ പുതിയ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കുന്നു. ഗവണ്മെന്റു തലത്തിൽ പുതിയ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള ബഡ്ജറ്റുകൾ തയ്യാറാക്കുന്നു. എല്ലാ തലങ്ങളിലും അതിന്റേതായ പുത്തൻ അനുഭവങ്ങൾക്ക് രൂപരേഖകൾ തയ്യാറാക്കുന്നു. നിക്ഷേപ പദ്ധതികൾ എത്രത്തോളം ലാഭമുണ്ടാക്കി എന്ന് പരിശോധിച്ചറിയുന്നു. അതനുസരിച്ച് മുന്നോട്ടുള്ള ദിവസങ്ങൾ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യപ്പെടുന്നു.

എന്നാൽ ദൈവമക്കളെ സംബന്ധിച്ച് ഒരു ചിന്ത ഇങ്ങനെയുണ്ടായി. നമ്മുടെ നേട്ടവും കോട്ടവും പുതിയ പദ്ധതിയും, പ്രതിഷ്ഠയും എല്ലാം ഒറ്റ രാത്രി കൊണ്ട് അവസാനിക്കുന്നു, ഡിസംബർ 31ലെ ആണ്ടറുതിയോഗത്തിൽ തീരുമാനങ്ങൾ എടുക്കും. ഒന്നാം തീയതി മുതൽ കണ്ടാൽ തലേരാത്രി, അഥവാ കഴിഞ്ഞ ആഴ്ചയിൽ ഈ വലിയ തീരുമാനങ്ങളും പ്രതിഷ്ഠകളും എടുത്ത വ്യക്തിതന്നെയാണോ ഈ പോകുന്നതെന്ന് തോന്നിപ്പോകുന്ന ഒരു അവസ്ഥ. ദൈവമക്കളേ, ഓരോ ദിവസവും ജീവിതത്തെ ശോധന ചെയ്തുപോയെങ്കിൽ മാത്രമേ ഈ അന്ത്യകാലത്തിൽ ഒരു ദൈവപ്രസാദമുള്ള ക്രിസ്തീയ ജീവിതം ചെയ്തെടുക്കുവാൻ കഴിയുകയുള്ളു. ദൈവദത്തമായ ധാർമ്മിക നിലവാരത്തിൽ (Godly ethical standard) ജീവിക്കുന്ന ഒരു ദൈവപൈതലിന്റെ സംരക്ഷണം എപ്പോഴും ദൈവത്തിന്റെ കണക്കിൽപ്പെട്ടതുതന്നെയാണ്. അവരുടെ കഷ്ടങ്ങളിലും, വേദനകളിലും, എല്ലാവരും നിന്ദിക്കപ്പെട്ട അവസ്ഥയിലും, തങ്ങളെത്തന്നെ ശോധന ചെയ്ത് ജീവിക്കുന്ന അവസരത്തിൽ നഷ്ടപ്പെട്ടതും, കഷ്ടപ്പെട്ടതും, നിന്ദിക്കപ്പെട്ടതും ഒക്കെ മാറ്റി ഇരട്ടി അനുഗ്രഹത്താൽ നടത്തുന്ന ദൈവത്തിന്റെ കരുതലിനായി ദൈവത്തെ സ്തുതിക്കാം.

എല്ലാം നഷ്ടപ്പെട്ട ഇയ്യോബിന്റെ ജീവിതം അതിന് ഒരു ഉദാഹരണമാണ്. ഇയ്യോബിന്റെ പുസ്തകം 31-ാം അദ്ധ്യായം അതിന് ഒരു തെളിവാണ്. വലിയ കഷ്ടതയിൽ ആയതിന്റെ മദ്ധ്യത്തിലും തന്റെ ജീവിതത്തിന്റെ എല്ലാ തലങ്ങളും, താൻ വിശകലനം ചെയ്ത് ദൈവത്തോടും മനുഷ്യരോടും ഭയം കൂടാതെ കണക്ക് കൊടുക്കുവാൻ തക്കവണ്ണം പ്രാപ്തിയുള്ള, പ്രാഗൽഭ്യമുള്ള ഒരു ഇയ്യോബിനെ കാണുവാൻ കഴിയുന്നു. കാലങ്ങൾ കടന്നുപോകുന്നതിനുമുന്നേ ജീവിതത്തിൽ ഒരു തിരിഞ്ഞുനോട്ടം നടത്താതെ, തിരുത്തേണ്ടവ തിരുത്താതെ, പലതും കണ്ടിട്ടും, കേട്ടിട്ടും അതിന് വലിയ ഗൗരവം കൊടുക്കാതെ, ദൈവജനം ഇങ്ങനെ മുന്നോട്ടു പോയാൽ നമ്മുടെ ഗതി എന്താകും?

ചുറ്റുപാടുകൾ അനുകൂലമായിരിക്കുന്നതുകൊണ്ടല്ല ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നതെന്നും, ഏതു പ്രതികൂലങ്ങളുടെ മദ്ധ്യത്തിലും അവൻ ദൈവത്തെ ത്യജിച്ചുപറയാതെ, തന്റെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നവൻ ആണെന്നും ഇയ്യോബിന്റെ ജീവിതത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നു. കൂട്ടുകാർ നിന്ദിച്ചപ്പോൾ, ദൈവംപോലും തന്നെ മറന്നുകളയുന്നു എന്ന് തോന്നിയപ്പോൾ, തന്റെ ജീവിതം താൻ തിരിഞ്ഞു പുറകോട്ടു ചിന്തിച്ച് ദൈവസന്നിധിയിൽ ചിലതെല്ലാം നിരത്തിവെച്ചു തന്റെ സംസാരം നിർത്തിയതായി 31-ാം അദ്ധ്യായത്തിൽ നാം കാണുന്നു.

ഇയ്യോബ് തന്റെ ജീവിതത്തിന്റെ എല്ലാവശങ്ങളും സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയനാക്കി. കൺമോഹം, ജഡമോഹം, വലിയ പാപം ആണെന്നുള്ളത് ആദ്യംതന്നെ താൻ മനസ്സിലാക്കി (ഇയ്യോ. 31:1; മത്താ. 5:28). ആ ഒരു ചെറിയ വസ്തുത കൊണ്ടുതന്നെ തന്റെ അകംകൊണ്ടും പുറംകൊണ്ടും ദൈവത്തെ അപ്രീതിപ്പെടുത്തുവാൻ താൻ തുനിഞ്ഞില്ല (ഇയ്യോ. 31:2-4). ഒരു വിശ്വസ്ത

നായ ഭർത്താവായി ഒരു വിശുദ്ധ ജീവിതം ചെയ്യുന്നതിന്റെ ഗൗരവം താൻ മനസ്സിലാക്കിയിരുന്നു.

രണ്ടാമതായി തന്റെ ഔദ്യോഗിക ജീവിതത്തിൽ (professional life) താൻ പരമാർത്ഥതയോടെ കാര്യങ്ങൾ നടത്തിയെന്ന് ധൈര്യത്തോടെ പറയുന്നു (വാക്യം 5). ഞാൻ ഏതെങ്കിലും ചതിവു ചെയ്തു എങ്കിൽ എന്നെ ദൈവം ഒരു തുലാസിൽ തൂക്കിനോക്കട്ടെ എന്ന് പറയുന്നു. നാമും നമ്മുടെ ഇടപാടുകളിൽ അങ്ങനെതന്നെ പറയുവാൻ ഇടയാകട്ടെ. കാരണം ദൈവം വെറുക്കുന്ന ഒരുകാര്യമാണ് നമ്മെ ദൈവം നോക്കുമ്പോൾ രണ്ടുതരം അളവ് നമ്മിൽ കാണുന്നത്. സദൃ. 11:1 "കള്ളത്തുലാസ് യഹോവയ്ക്ക് വെറുപ്പ്, ഒത്തപടിയോ അവന് പ്രസാദം" സദൃ. 11:23. "രണ്ടുതരം തൂക്കം യഹോവയ്ക്ക് വെറുപ്പ്". പ്രവാചകന്മാർ ഈ കാര്യത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. കള്ളത്തൂക്കത്തെക്കുറിച്ചും, മറ്റുള്ളവരെ ചതിക്കുന്നതിനെക്കുറിച്ചും, ഹോശയാ. 12:7 "കള്ളത്തുലാസ് അവന്റെ കൈയ്യിൽ ഉണ്ട്. പീഡിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു". ആമോസ് 8:4–5; മീഖാ. 6:11–ൽ പറയുന്നു. "കള്ളത്തുലാസും, കള്ളപ്പടികൾ ഇട്ട സഞ്ചിയുമുള്ളവനെ ഞാൻ നിർമ്മലനായി എണ്ണുമോ"? ദൈവവചനാടിസ്ഥാനത്തിൽ ഇയ്യോബിനെപ്പോലെ നമ്മെ ദൈവസന്നിധിയിൽ തുറന്നു കാണിക്കുവാൻ നമുക്കു സാധിക്കുമോ? ഇയ്യോബ് പറയുന്നു തന്നെ ദൈവം ഒരു ത്രാസിൽ തൂക്കി നോക്കട്ടെയെന്ന്. തന്നെ തൂക്കിനോക്കിയാൽ തന്റെ പരമാർത്ഥതയും, വിശ്വസ്തതയും തനിക്ക് ദൈവം അനുകൂലം നില്ക്കുമെന്നതിൽ സംശയം വേണ്ട എന്നുതന്നെ താൻ ഉറപ്പിച്ചു പറയുന്നു. അഥവാ അതിന് ഏതെങ്കിലും വ്യത്യാസം വരുന്നുവെങ്കിൽ കഷ്ടത താൻ അനുഭവിക്കുവാൻ തയ്യാറാണ് എന്നുള്ള തന്റെ സമ്മതം 7,8 വാക്യങ്ങളിൽ വ്യക്തമായി കാണുന്നു. "എന്റെ കാലടി വഴിവിട്ടു മാറിയെങ്കിൽ, വല്ല കറയും എന്റെ കൈകൾക്ക് പറ്റിയെങ്കിൽ ഞാൻ വിതച്ചത് മറ്റൊരുത്തൻ തിന്നട്ടെ, എന്റെ സന്തതിക്ക് മൂലനാശം ഭവിക്കട്ടെ". നാം എത്രമാത്രം ഭയപ്പെടേണ്ട ഒരു പ്രസ്താവനയാകുന്നു ഇത്. ഇയ്യോബിനെപ്പോലെ ഇത്രത്തോളം ധൈര്യത്തോടെ, തന്റേടത്തോടെ നമുക്ക് നമ്മുടെ ജീവിതം ദൈവസന്നിധിയിൽ തുറന്നുവയ്ക്കുവാൻ കഴിയുമോ.

മൂന്നാമതായി തന്റെ വൈവാഹിക ജീവിതം താൻ പരീക്ഷണത്തിന് വിധേയനാക്കി (വാക്യം 9–10). തന്റെ കൂട്ടുകാർ ആ വിഷയമെടുത്ത് സംസാരിച്ചില്ലെങ്കിലും, താൻ മോശമായ കുടുംബജീവിതം നയിച്ചുവെന്നോ പാപത്തിൽ അകപ്പെട്ടുവെന്നോ കുറ്റപ്പെടുത്തിയില്ലെങ്കിലും തന്റെ ഭാര്യഭർത്തൃബന്ധത്തിൽ താൻ വിശ്വസ്തൻ ആയിരുന്നുവെന്ന് ധൈര്യത്തോടെ പറയുന്നു. ഭാര്യാഭർത്തൃബന്ധം മോശമായിരുന്ന ഒരു കാലയളവ് ആയിരുന്നു അത്. ഈ കാലത്തിലും അങ്ങനെതന്നെ. തന്റെ കൂട്ടുകാരന്റെ വാതിൽക്കൽ പതിയിരുന്നില്ലെന്നും, തന്റെ ഹൃദയം ഒരു നിമിഷംപോലും അന്യഥാ ഭ്രമിച്ചുപോയില്ലെന്നും, അഥവാ അങ്ങനെ സംഭവിച്ചുവെങ്കിൽ, തന്റെ ഭാര്യ അന്യർക്ക് മാവുപൊടിക്കട്ടെ, എന്നുള്ള പ്രസ്താവന തന്റെ കുടുംബജീവിതത്തിന്റെ ഒരു വലിയ ശ്രേഷ്ഠതയെ എടുത്തുകാണിക്കുന്നു. കുടുംബജീവിതത്തിലെ തകർച്ചകളെ കണ്ട് ഉണരുവാൻ ഇയ്യോബിന്റെ ജീവിതം ഒരു പാഠമാകട്ടെ പലർക്കും. ❑




◀ മുളക്കുഴയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ചിൽഡ്രൻസ് ഹോമിന്റെ ശിലാസ്ഥാപനം വേൾഡ് മിഷൻ ഡയറക്ടർ റവ. ഡഗ്ലസ് ലി റായിയും, ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സനും ചേർന്ന് നിർവ്വഹിക്കുന്നു.

# നിങ്ങളുടെ നടപ്പ് ആരുടെകൂടെ?

ഒ. വി. മാത്യു, വാര്യാപുരം

"ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു,
ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി" (ഉല്പ. 5:24).

*1. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു.*

*2. ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു (കഴിഞ്ഞ ലക്കം തുടർച്ച)*

**3. ഹാനോക്ക് ദൈവത്തിനുവേണ്ടി സാക്ഷ്യം പറഞ്ഞു** (യൂദ. 14-15). യൂദയുടെ ലേഖനത്തിൽ ഹാനോക്കിനെ ഒരു പ്രവാചകനായി കാണുന്നു. തന്റെ സന്ദേശത്തിൽ 'ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടു ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം... ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്നു വരുവാനുള്ള ദൈവീക ന്യായവിധിയെക്കുറിച്ചു പ്രവചിച്ചു.

തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ ചാകുമല്ലോ എന്ന സിദ്ധാന്തവുമായി മുമ്പോട്ടു നീങ്ങുന്ന തലമുറയോട്, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുപോകുന്ന യുവതലമുറയോട്, ജീവിക്കുന്ന സർവ്വശക്തനായ ദൈവത്തെ മറക്കുന്ന മനുഷ്യനോട് പ്രവചനങ്ങളുടെ നിവർത്തിയായി ബേദ്‌ലഹേമിൽ മനുഷ്യാവതാരം എടുത്ത് കാൽവറിക്രൂശിൽ ജീവൻ തന്നു മനുഷ്യവർഗ്ഗത്തെ രക്ഷിച്ച സ്നേഹവാനായ രക്ഷിതാവിനെക്കുറിച്ചു സഹോദരാ നീ സാക്ഷിക്കുന്നുവോ? സ്നേഹിതാ നിന്റെ നിത്യത ആരോടുകൂടെ എവിടെ ചിലവഴിക്കും എന്ന് സൗമ്യതയോടു ചോദിക്കുമോ? ദൈവം നിന്നോടു കാര്യം തീർക്കുന്ന നാളിൽനിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ എന്ന് ചിന്തിച്ചാലും. അതുകൊണ്ട് ഹാനോക്കിനെപ്പോലെ വേഗംവരുന്ന രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തുവിനെ സാക്ഷിപ്പാൻ ഒരുങ്ങാം.

**4. ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു (എബ്രാ. 11:5):** ഹാനോക്ക് തന്റെ ജീവിതത്തിൽ ഇത് ചിന്തിച്ച കാര്യമല്ല. അവന് ലഭിച്ച പ്രത്യേക കൃപയായിരുന്നു. ദൈവത്തോടുകൂടെ നടന്നു, ദൈവത്തെ പ്രസാദിപ്പിച്ച, ദൈവത്തിനുവേണ്ടി സാക്ഷിയായി, ദൈവത്താൽ സാക്ഷ്യം പ്രാപിച്ച ഹാനോക്ക് ഒരിക്കൽ ദൈവത്തോട് ഇങ്ങനെ ചോദിച്ചു എന്ന് ഞാൻ വിചാരിക്കുന്നു. അല്ലയോ ദൈവമേ, അങ്ങ് സ്വർഗ്ഗത്തിൽനിന്നും വരുന്നു എന്ന് ഞാൻ അറിയുന്നു. സ്വർഗ്ഗത്തിൽ ആരെല്ലാം ഉണ്ട്? സ്വർഗ്ഗം എങ്ങനെയുള്ളതാണ്? തന്റെ ഭക്തന്മാരുടെ ആഗ്രഹം സാധിപ്പിക്കുന്ന സ്നേഹവാനായ ദൈവം സ്വർഗ്ഗത്തെക്കുറിച്ച് ഒരു വർണ്ണന ഹാനോക്കിനു നൽകിക്കാണും. മനോഹരവും ശോഭയുമേറിയ ആ സ്വർഗ്ഗം ഒന്നു കാണുവാൻ തനിക്കു സാധിച്ചിരുന്നെങ്കിൽ എന്നാശിച്ച തന്റെ സ്നേഹിതനായ ഹാനോക്കിനെ ദൈവം തന്റെ സർവ്വശക്തികൊണ്ടു മരണത്തിന്റെ രുചി അനുഭവിച്ചറിയുവാൻ അവസരം നൽകാതെ അവനെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഹാ! എത്ര അവർണ്ണനീയമായ, സൗഭാഗ്യമേറിയ അനുഭവമായിരുന്നു അത്.

പ്രിയ സഹോദരങ്ങളെ, കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വരുമ്പോൾ നാം അവനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും എന്ന വാഗ്ദത്തം നമുക്ക് നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. ഈ കൃപായുഗത്തിന്റെ അന്തിമ നാളുകളിൽ നമുക്കും ഹാനോക്കിനെപ്പോലെ കർത്താവിനോടുകൂടെ നടന്നും അവനെ പ്രസാദിപ്പിച്ചും അവനുവേണ്ടി സാക്ഷ്യം പറഞ്ഞും സ്വർഗ്ഗരാജ്യത്തിൽ അവനോടുകൂടെ ആയിരിപ്പാൻ പ്രത്യാശയോട് ഓരോ ദിവസവും ജീവിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ. ◆

# മുന്നറിയിപ്പുകളെ അവഗണിക്കരുത്

**പാസ്റ്റർ സണ്ണി ഫിലിപ്പ്, റാന്നി**

തിരുവചനംതന്നെ വചനപഠിതാക്കൾക്ക് ഒരു മുന്നറിയിപ്പാണല്ലോ. മുന്നറിയിപ്പുകളോട് ആരംഭിച്ചു മുന്നറിയിപ്പുകളോടുകൂടി അവസാനിക്കുന്ന പുസ്തകവും ബൈബിളാണ്. ആകയാൽ മുന്നറിയിപ്പുകളെ അവഗണിക്കാതെ ജീവിക്കുവാൻ ഇതാ ചില ഉദാഹരണങ്ങൾ.

ഒന്നാമത്തെ മുന്നറിയിപ്പു ദൈവം കൊടുക്കുന്നത് ആദിമ മനുഷ്യനായ ആദാമിനോടാകുന്നു (ഉല്പ. 2:17). “നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും”. അരുത് എന്നാണ് ദൈവം പറഞ്ഞത്. തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം തിന്നുവാൻ കല്പിച്ച ദൈവം അവിടെവച്ചുതന്നെ പറഞ്ഞു മറ്റൊരു വൃക്ഷവും കൂടി ഇവിടെയുണ്ട്. പക്ഷേ, അതിന്റെ ഫലം നിങ്ങൾ തിന്നരുത്. ലോകത്തിൽ ദൈവം നമ്മെ ആക്കിവെച്ചിരിക്കുമ്പോൾ നാം അനുഭവിക്കേണ്ടതും അനുഭവിക്കരുതാത്തതുമായ വസ്തുക്കൾ വസ്തുതകൾ ഉണ്ട്. അവ ഏതെന്ന് നാം കണ്ടുപിടിച്ച് നല്ലതിനെ മുറുകെ പിടിച്ച് ജീവിക്കുവാൻ ഇടയാകണം. പക്ഷേ സംഭവിച്ചത് നേരെ മറിച്ചാണ്. ഇന്നും ഇതൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു. എവിടെ കല്പന ഉണ്ടോ അവിടെ ലംഘനവും നടന്നുകൊണ്ടിരിക്കുന്നു. മുന്നറിയിപ്പുകളെ അവഗണിച്ച്, ദൈവീകമായതിന് ശ്രദ്ധ കൊടുക്കാതെ പൈശാചികമായതിന് ചെവി കൊടുത്ത് ആദിമ ദമ്പതികൾ പരാജയത്തിന്റെ വമ്പൻ പടുകുഴിയിൽ നിപതിച്ചു അവർക്ക് രക്ഷപ്പെടുവാൻ കഴിഞ്ഞില്ല. ഇന്നും പലരും രക്ഷപ്പെട്ടു എന്നു വിചാരിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, രക്ഷപെടാനാവുന്നില്ല.

ആദ്യത്തെ മുന്നറിയിപ്പ് ആദിമ മനുഷ്യനോടായിരുന്നെങ്കിൽ രണ്ടാമത്തെ നമ്മൾ ചിന്തിക്കുന്ന മുന്നറിയിപ്പ് ഒരു കുടുംബത്തോടാണ്. ജീവരക്ഷയ്ക്കായി ഓടിപ്പോകുക. പുറകോട്ടു നോക്കരുത് (ഉല്പ.19:17). ഇത് രക്ഷയ്ക്കായുള്ള ഒരു യാത്രയാണ്. സോദോമ്യ പാപം അതിന്റെ അത്യുച്ചകോടിയിൽ എത്തിനിൽക്കുകയാണ്. ആ സോദോമ്യ പാപത്തിന്റെ നടുവിൽനിന്നും ലോത്തിനെയും കുടുംബത്തെയും ദൈവം വിടുവിക്കുകയാണ്. അപകടങ്ങൾ പതിയിരിക്കുന്ന പാതകളിൽ ദൈവം തനിക്കുള്ളവരെ പരിപാലിക്കുന്നു എന്നതിന്റെ തെളിവാണ് ലോത്തിന്റെയും കുടുംബത്തിന്റെയും വിടുതൽ. താളം തല്ലി സോദോമിൽ നിന്ന ആ കുടുംബത്തെ പട്ടണത്തിന്റെ പുറത്ത് കൊണ്ടുവന്നാക്കിയിട്ടു പറഞ്ഞു നീ ജീവരക്ഷയ്ക്കായി ഓടിപ്പോകുക. പുറകോട്ടു നോക്കരുത്. ഈ പ്രദേശത്തെങ്ങും നിൽക്കയുമരുത്.

ദൈവീകമായിരിക്കുന്ന വിടുതൽ അനുഭവിച്ചിട്ടുള്ളവരോടും ദൈവത്തിന് ഇന്നും പറയുവാനുള്ളത് ഇതൊക്കെത്തന്നെയാണ്. ഓടിപ്പോകുക, പുറകോ ട്ടു നോക്കരുത്, ഈ പ്രദേശത്ത് നിൽക്കരുത്, ദൈ വപൈതലിന് ഇവിടം യോഗ്യമല്ലാത്തതിനാൽ അവ ർ ഇവിടെ നിൽക്കരുത്. ഓടിപ്പോകണം, ഇന്നും പലരുടെയും കൂടാരത്തിന്റെ കുറ്റികൾ ഇവിടെ ആഴത്തിൽ അടിച്ചിരിക്കുകയാണ്. പാരമ്പര്യത്തിന്റെ കുറ്റി, സാമ്പത്തീകത്തിന്റെ കുറ്റി, ഭവനത്തിന്റെ കുറ്റി, ആഴത്തിൽ അടിച്ച് അതിന്റെ വേര് ആഴത്തിൽ ഇറങ്ങി. കാഹളം ധ്വനിക്കുമ്പോൾ ഈ കുറ്റികൾ ഇളകി വരുമോ എന്നതാണ് സംശയം. ആഡംബരത്തിൽ മതിമറന്ന് ആത്മീയർ ആയിരിക്കുമ്പോൾത്തന്നെ ആത്മീയന് ചേരാത്ത പ്രവർത്തികൾ ചെയ്തു ജീവിതം അതി ശീഘ്രത്തിൽ മുന്നോട്ടു കൊണ്ടുപോകുമ്പോൾ മുന്നറിയിപ്പുകളെ ഓർക്കുവാൻ ആർക്കാണ് സമയം. ഏവരും തിരക്കിലാണല്ലോ.

ദൈവത്തിന്റെ മുന്നറിയിപ്പ് അവഗണിച്ച് ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കി. ആദ്യത്തെ മുന്നറിയിപ്പ് അവഗണിച്ചതും ഒരു സ്ത്രീയായിരുന്നല്ലോ. ഇപ്പോൾ ഇവിടെയും ഒരു സ്ത്രീ മുന്നറിയിപ്പിനെ അവഗണിച്ചു ഉപ്പുതൂണായി നിൽക്കുന്നു. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അനേകർക്ക് ഒരു മുന്നറിയിപ്പായി ആ ഉപ്പുതൂൺ നിലകൊള്ളുകയാണ്. യേശു

**വചന ധ്യാനം**

# കഷ്ടത

കർത്താവ് കഷ്ടം അനുഭവിച്ചത് നമുക്കു പിന്തുടരുവാനുള്ള മാതൃകയായിട്ടത്രേ (1 പത്രോ. 2:21 –23). "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും നമുക്കു വരം നല്കിയിരിക്കുന്നു" (ഫിലിപ്പിയർ 1:19). "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹന്നാൻ 16:33).

**കഷ്ടതയുടെ പിന്നിലുള്ള ദൈവീക ഉദ്ദേശം**

1. സഹിഷ്ണുത ഉളവാകുവാൻ (റോമർ 5:3)
2. ദൈവത്തിന്റെ ചട്ടങ്ങൾ പഠിക്കുവാൻ (സങ്കീ. 119:71)
3. അനുസരണം പഠിച്ചു തികഞ്ഞവരാകുവാൻ (എബ്രായർ 5:8)
4. ശുദ്ധീകരണം പ്രാപിക്കുവാൻ (ഇയ്യോബ് 23:10).
5. മറ്റുള്ളവരെ ആശ്വസിപ്പിക്കുവാൻ ശക്തരാകേണ്ടതിന് (2 കൊരിന്ത്യർ 1:4).
6. പ്രാർത്ഥിക്കുന്നവരാകുവാൻ (യാക്കോബ് 5:13)
7. ദൈവത്തെ അറിയേണ്ടതുപോലെ അറിയുവാൻ (ഇയ്യോബ് 42:2)
8. ഹൃദയത്തിൽ താഴ്മ ഉളവാകുവാൻ (സങ്കീർത്തനം 107:12)
9. നിലവിളിച്ചു പ്രാർത്ഥിക്കുവാൻ (സങ്കീർത്തനം 107:13)
10. ദൈവമഹത്വം വെളിപ്പെടുവാൻ (യോഹന്നാൻ 11:4)
11. ദൈവേഷ്ടപ്രകാരം ജീവിക്കുവാൻ– പാപം വിട്ടൊഴിയുവാൻ (1 പത്രോസ് 4:2)
12. അനേകർ രക്ഷിക്കപ്പെടുവാൻ ( 2 കൊരിന്ത്യർ 1:6)
13. ദൈവവചനം പ്രമാണിക്കുവാൻ (സങ്കീർത്തനം 119:67)
14. ക്രിസ്തുവിനോടുകൂടെ നിത്യമായി വാഴുവാൻ (2 തിമൊഥെയോസ് 2:11)
15. ക്രിസ്തുവിന്റെ തേജസ്സിൽ പങ്കാളിയാകുവാൻ (1 പത്രോസ് 4:13; 2 കൊരിന്ത്യർ 4:17; റോമർ 8:17)

"നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു" (അപ്പോ. 14:22)

കഷ്ടത മുഴുവൻ സാത്താനിൽ നിന്നും സമൃദ്ധി എല്ലാം ദൈവത്തിൽ നിന്നും ആകയാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന മാത്രയിൽ തന്നെ കഷ്ടത മാറി സമൃദ്ധിയുടെ കവാടം തുറക്കപ്പെടുന്നു എന്നൊരു നവചിന്താഗതി ആത്മീകമണ്ഡലത്തിൽ അടുത്തയിടെ ഉടലെടുത്തിട്ടിണ്ട്. എന്നാൽ ഒരു സത്യ വിശ്വാസിക്ക് ഈ ലോകത്തിൽ കർത്താവ് വാഗ്ദത്തം ചെയ്തിട്ടുള്ളത് സിംഹാസനത്തെക്കാൾ കുരിശും, പൊൻകിരീടത്തെക്കാൾ മുൾമുടിയും, മാനത്തെക്കാൾ അപമാനവും, വിശാലതയെക്കാൾ ഞെരുക്കവുമാണെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കഷ്ടത തീരുന്ന നാളിനെക്കുറിച്ചുള്ള വാക്കുകൾ വെളിപ്പാടു പുസ്തകത്തിൽ ശ്രദ്ധിക്കുക "ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല... ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു" (വെളിപ്പാട് 21:5).

**പാസ്റ്റർ സണ്ണി സഖറിയ, ഇടിഞ്ഞില്ലം**

---

കർത്താവ് ഇവരെക്കുറിച്ച് ഒന്നുകൂടി ഓർപ്പിച്ചു. ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾക (ലൂക്കോ. 17:32).

അതു മാത്രവുമല്ല ഭാര്യ നഷ്ടപ്പെട്ട ലോത്തും പെൺമക്കളും ഇടം തേടിയത് ഒരു ഗുഹയിലാണ്. അവിടെ നടക്കുവാൻ പാടില്ലാത്ത മ്ലേച്ഛത നടന്നു. സോദോമിന്റെ ദഹനം അവർ നേരിൽ കണ്ടിട്ടും, അവർ അവരുടെ ജീവിതം ക്രമീകരിക്കാതിരുന്നത് ഭയങ്കരം. അങ്ങനെ ഒരു ഇരുണ്ട അനുഭവമായി ലോത്തിന്റെ മക്കളുടെ ജീവിതം മാറി. ശപിക്കപ്പെട്ട ജനനം, ആ ജാതി ഇന്നും ശപിക്കപ്പെട്ടിരിക്കുന്നു. ആരംഭം നന്നായിരുന്നു. പക്ഷേ അവസാനമോ അമ്പേ പരാജയമായിപ്പോയി. മുന്നറിയിപ്പുകളെ അവഗണിച്ചാൽ ഏത് വമ്പനും ഇവിടെ പരാജയപ്പെടും. ആയതിനാൽ മുന്നറിയിപ്പുകളെ അവഗണിക്കരുത്.

# സഭാവാർത്തകൾ

## മുണ്ടക്കയം ഡിസ്ട്രിക്റ്റ്

**കൺവൻഷൻ**

**സ്രാമ്പി:** ദൈവസഭയുടെ ആഭിമുഖ്യത്തിൽ 2011 ജനുവരി 4 മുതൽ 8 വരെ കൺവൻഷൻ നടന്നു. റവ. കെ. ജെ. മാത്യു (യു.എസ്.എ.), പാസ്റ്റേഴ്സ് പി. ജെ. ജെയിംസ്, ഷിബു കെ. മാത്യു, സാജു കുമാർ എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്റ്റ് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ നേതൃത്വം നൽകി.

**മാസയോഗം**

ജനുവരി മാസം 19-ാം തീയതി ശനിയാഴ്ച നടന്ന ഡിസ്ട്രിക്റ്റ് മാസയോഗത്തിൽ റവ. കെ. ജെ. മാത്യു (യു.എസ്.എ.) പ്രസംഗിച്ചു. ഡിസ്ട്രിക്റ്റ് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ നേതൃത്വം നല്കി.

**സ്നാനം**

**വേലനിലം:** ദൈവസഭയിൽ നടന്ന ഉപവാസപ്രാർത്ഥന മുഖാന്തിരം ഒരാൾ സ്നാനപ്പെട്ടു സഭയോടു ചേർന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ സ്നാനശുശ്രൂഷ നടത്തി. പാസ്റ്റർ വി. ജോൺ ഇവിടെ ശുശ്രൂഷിക്കുന്നു.

## വയനാട് ഡിസ്ട്രിക്റ്റ്

**മുണ്ടുകുറ്റി:** ദൈവസഭയിൽ 8-1-2011 ശനിയാഴ്ച നടന്ന എൽ.എം. ഉപവാസ പ്രാർത്ഥനയ്ക്ക് ഡിസ്ട്രിക്റ്റ് പാസ്റ്റർ സജു സി.കോയിക്കലേത്ത് നേതൃത്വം നല്കി. എൽ.എം. ഓർഗനൈസർ സിസ്റ്റർ ലാലി സജു, പാസ്റ്റർ ഹാൻസൺ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു.

**സ്നാനം:** 8-1-2011 ശനിയാഴ്ച മുണ്ടുകുറ്റി ദൈവസഭയിൽ നടന്ന സ്നാനശുശ്രൂഷയിൽ ഒരാൾ സ്നാനപ്പെട്ട ദൈവസഭയോട് ചേർന്നു. ഡിസ്ട്രിക്ട് പാസ്റ്റർ സജു സി.കോയിക്കലേത്ത് സ്നാനശുശ്രൂഷ നിർവ്വഹിച്ചു.

**സുൽത്താൻബെത്തേരി**

**സ്നാനം:** 31-12-2010 വെള്ളിയാഴ്ച സുൽത്താൻ ബത്തേരിയിൽ നടന്ന സ്നാനശുശ്രൂഷയിൽ 11 പേർ സ്നാനപ്പെട്ടു ഡിസ്ട്രിക്ട് പാസ്റ്റർ സജു സി.കോയിക്കലേത്ത് സ്നാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ഹാൻസൺ ഇവിടെ ശുശ്രൂഷിക്കുന്നു.

ഡിസ്ട്രിക്ട് മാസയോഗം 2010 ഡിസംബർ 18-ാം തീയതി ശനിയാഴ്ച കൊയിലേരി ദൈവസഭയിൽവെച്ചു നടന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ സജു സി. കോയിക്കലേത്ത്, പാസ്റ്റർ കെ. ജെ. വർക്കി എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു.

## കോട്ടയം വെസ്റ്റ് ഡിസ്ട്രിക്റ്റ്

**ഉപവാസപ്രാർത്ഥന:**

പാക്കിൽ ദൈവസഭയിൽ നവംബർ 29 മുതൽ ഡിസംബർ 19 വരെ ഉപവാസ പ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും നടന്നു പാസ്റ്റർമാരായ വൈ. ജോസ്, സജി ഏബ്രഹാം കാനം, തോമസ്കുട്ടി, ഏബ്രഹാം, ടി. എം. തോമസ്കുട്ടി, ഏബ്രഹാം മാത്യു, വർഗീസ് വി. ജോൺ, സജി ജോർജ്ജ് എന്നിവർ വചനം ശുശ്രൂഷിച്ചു.

**സ്നാനം**

ചിങ്ങവനം ടൗൺ സഭയിൽ 6 പേർ സ്നാനപ്പെട്ട് ക്രിസ്തുവിനോടു ചേർന്നു. ഇവിടുത്തെ സഭാ പ്രവർത്തനം വിശാലമാക്കാൻ പ്രാർത്ഥിക്കുക. സ്നാന ശുശ്രൂഷ പാസ്റ്റർ സജി ജോർജ്ജ് നടത്തി. പാസ്റ്റർ മോൻസി പുന്നൂസ് ഇവിടെ ശുശ്രൂഷിക്കുന്നു.

ഗോസ്പൽടീം പ്രവർത്തനം കുഴിമറ്റത്ത് നടന്നു. ഭവനസന്ദർശനം നടത്തുകയും ട്രാക്റ്റും ബൈബിളും വിതരണം ചെയ്യുകയും ചെയ്തു. 4 പേർ രക്ഷിക്കപ്പെട്ടു. ഡിസ്ട്രിക്റ്റ് പ്രവർത്തനങ്ങൾക്ക് പാസ്റ്റർ സജി ജോർജ്ജ് നേതൃത്വം നല്കി.

**കൺവൻഷൻ**

**പാക്കിൽ:** ഡിസംബർ 16 മുതൽ 19 വരെ പാക്കിൽ പടനിലത്ത് ഓഡിറ്റോറിയത്തിൽ നടന്ന കൺവൻഷനിൽ പാസ്റ്റർ സജി ജോർജ്ജ്, പാസ്റ്റർ കെ. ജെ. തോമസ്, ഇവാ. പി. ഐ. ഏബ്രഹാം, പാസ്റ്റർ വർഗീസ് ഏബ്രഹാം എന്നിവർ ശുശ്രൂഷിച്ചു. സെലസ്റ്റ്യൽ വോയ്സ് ഗാനശുശ്രൂഷ നടത്തി.

## കോഴഞ്ചേരി ഡിസ്ട്രിക്റ്റ്

ഡിസ്ട്രിക്റ്റിന്റെ മാസയോഗവും എസ്. എസ്., വൈ. പി. ഇ. യുടെ വാർഷിക മീറ്റിംഗും ഡിസം

# കർത്ത്യസന്നിധിയിൽ



**മൂത്തേടം:** മൂത്തേടം ഇന്ത്യാ ദൈവസഭാംഗവും എടക്കര ഡിസ്ട്രിക്റ്റ് ട്രസ്റ്റിയുമായിരുന്ന കളക്കാട് വീട്ടിൽ കെ. ജി. സാമുവേൽ (60) 11–12–2010 ശനിയാഴ്ച കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. 14ന് ഭവനത്തിൽവച്ച് നടന്ന ശുശ്രൂഷകൾക്ക് ഡിസ്ട്രിക്റ്റ് പാസ്റ്റർ എം.എ. ജോണിക്കുട്ടി നേതൃത്വം നല്കി. മലബാർ സോണൽ ഡയറക്ടർ പാസ്റ്റർ മാത്യു കെ.ഫിലിപ്പ്, പാസ്റ്റർമാരായ ബാബു വർഗ്ഗീസ്, വർഗീസ് വി.ജോൺ, വി.സി. കുര്യാക്കോസ്. റ്റി.റ്റി. സോജൻ തുടങ്ങിയവർ അനുശോചനം അറിയിച്ചു. സംസ്കാരം. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി മൂത്തേടം ദൈവസഭാ സെമിത്തേരിയിൽ നടത്തി. പരേതൻ മൂത്തേടം ദൈവസഭയുടെ ആരംഭകാല വിശ്വാസിയും ദീർഘവർഷങ്ങൾ സഭയുടെ സെക്രട്ടറിയുമായിരുന്നു.

ഭാര്യ- മറിയാമ്മ ശാമുവേൽ. മക്കൾ- മിനി, ബിനു, ഷിനു, ജെയിസൺ. മരുമക്കൾ – ജോൺലി, റോണി, റിനി.

**നിലമ്പൂർ:** പുല്ലഞ്ചേരി ദൈവസഭാംഗം പരേതനായ പാസ്റ്റർ എം. എം. ചാക്കോ (മുതിരക്കാലായിൽ ഉപദേശി) യുടെ സഹധർമ്മിണി റാഹേലമ്മ ചാക്കോ (89) ഡിസംബർ 31ന് നിത്യതയിൽ ➡

---

ബർ 11 ശനിയാഴ്ച പുന്നക്കാട് ദൈവസഭയിൽ വച്ച് ഡിസ്ട്രിക്റ്റ് പാസ്റ്റർ വർഗീസ് ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യപ്രഭാഷണം നടത്തി.

എസ്. എസ്., വൈ. പി. ഇ.യുടെ താലന്ത് പരിശോധനയിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. എസ്. എസ്. ഒന്നാം സ്ഥാനം കുറിയന്നൂർ, രണ്ടാം സ്ഥാനം കുറങ്ങഴ, മൂന്നാം സ്ഥാനം ഗിൽഗാൽ ദൈവസഭയും, വൈ.പി. ഇ. ഒന്നാം സ്ഥാനം കുറിയന്നൂർ, രണ്ടാം സ്ഥാനം ഗിൽഗാൽ ദൈവസഭയും കരസ്ഥമാക്കി. സഭകൾക്കുള്ള ട്രോഫിയും ഓവർസീയർ നല്കി. എസ്. എസ്. സെക്രട്ടറി പാസ്റ്റർ മാത്തുകുട്ടി ഏബ്രഹാം, വൈ. പി. ഇ. സെക്രട്ടറി പാസ്റ്റർ അനിൽ ദാനിയേൽ എന്നിവർ നേതൃത്വം നല്കി.

**ഉപവാസപ്രാർത്ഥനയും സ്നാനവും**

**തെക്കേമല:** സ്ഥലം സഭയിൽ ഡിസംബർ മാസം നടന്ന ഉപവാസപ്രാർത്ഥനയോട് ചേർന്ന് ഡിസംബർ 16–ാം തീയതി 4 പേർ സ്നാനപ്പെട്ട് സഭയോട് ചേർന്നു. സ്നാനശുശ്രൂഷ ഡിസ്ട്രിറ്റ് പാസ്റ്റർ വർഗീസ് ഏബ്രഹാം നിർവ്വഹിച്ചു. ശുശ്രൂഷകൾക്ക് പാസ്റ്റർ മാത്തുകുട്ടി ഏബ്രഹാം നേതൃത്വം നല്കി.

## പന്തളം ഡിസ്ട്രിക്റ്റ്

പന്തളം ഡിസ്ട്രിക്റ്റിലുള്ള കുന്നിക്കുഴി സഭയിൽ നടന്ന ഉപവാസ പ്രാർത്ഥന മുഖാന്തിരം ജനുവരി 16–ാം തീയതി 4 പേർ വിശ്വാസസ്നാനം സ്വീകരിച്ചു സഭയോട് ചേർന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ പി.ജെ. ജേക്കബ് സ്നാനശുശ്രൂഷ നിർവ്വഹിച്ചു.

## എടകര ഡിസ്ട്രിക്റ്റ്

**മൂത്തേടം:** ഇന്ത്യാ ദൈവസഭാ എടക്കര ഡിസ്ട്രിക്റ്റിന്റെ മാസയോഗം ഡിസംബർ 11ന് പുല്ലഞ്ചേരി സഭാഹാളിൽ വച്ച് അനുഗ്രഹകരമായി നടന്നു. പാസ്റ്റർ റ്റി.റ്റി. സോജൻ, അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർ സി. കെ. സജി ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു.

## ആലപ്പുഴ ഡിസ്ട്രിക്റ്റ്

**കൺവൻഷൻ**

**തുമ്പോളി:** ദൈവസഭയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 25 മുതൽ 27 വരെ സുവിശേഷ മഹായോഗം കൊമ്മാടി എസ്.എൻ. ഗുരുമന്ദിരം ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെടും. ഡിസ്ട്രിക്ട് പാസ്റ്റർ എം.ജെ. ചാക്കോ അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ എം.കുഞ്ഞപ്പി (സ്റ്റേറ്റ് ഓവർസിയർ), പാസ്റ്റേഴ്സ് പി.സി. ചെറിയാൻ, ഈപ്പൻ ചെറിയാൻ, തോംസൺ അട്ടച്ചാക്കൽ എന്നിവർ ശുശ്രൂഷിക്കും. ജീസസ്സ് വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ ഈ സഭയിൽ ശുശ്രൂഷിക്കുന്നു. ഫോൺ: 9446625996

➡



ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ജനുവരി 4ന് പുല്ലുഞ്ചേരി സഭാസെമിത്തേരിയിൽ ഡിസ്ട്രിക്ട് പാസ്റ്റർ എം.എ. ജോണിക്കുട്ടിയുടെയും സ്ഥലം സഭാ പാസ്റ്റർ റ്റി. റ്റി. സോജൻ തുടങ്ങിയ അനേകം ദൈവദാസന്മാരുടെ സാന്നിദ്ധ്യത്തിൽ മലബാർ സോണൽ ഡയറക്ടർ പാസ്റ്റർ മാത്യു കെ. ഫിലിപ്പ് നിർവ്വഹിച്ചു.

മക്കൾ-അന്നമ്മ (കുഞ്ഞുമോൾ Late), റവ. മാത്യു ചാക്കോ (നവി മുംബൈ), ശോശാമ്മ, സാറാമ്മ (Late), മറിയാമ്മ, തോമസ് ചാക്കോ. മരുമക്കൾ- ഏബ്രഹാം, മേരി മാത്യു, എൽ. വി. മാത്യു, വർഗീസ്, ജോൺ, ഡെയ്സി.

**മഴുക്കീർ:** പനച്ചയിൽ വീട്ടിൽ പാസ്റ്റർ പി.വി. ശാമുവേൽ (66) നിര്യാതനായി. ദീർഘവർഷക്കാലം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ശുശ്രൂഷകനായിരുന്ന പാസ്റ്റർ പി.വി. ശാമുവേലിന്റെ സംസ്കാര ശുശ്രൂഷ 24-01-2011 തിങ്കളാഴ്ച മഴുക്കീർ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നിർവ്വഹിച്ചു.



ശുശ്രൂഷകൾക്ക് തിരുവല്ലാ സൗത്ത് ഡിസ്ട്രിക്ട് പാസ്റ്റർ തോമസ് ജോർജ് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.എ.വി. സാം, പി. ജി. മാത്യൂസ്, പി.ജെ. ജെയിംസ്, ജെ. ജോസഫ്, പി.സി. ചെറിയാൻ, ഷിബു കെ. മാത്യു, ജോസ് ബേബി, പി.പി. കുര്യൻ, സജി ജോർജ്, കെ.റ്റി. വർഗീസ്, ഏ.റ്റി. ജോസഫ്, വൈ.ജോസ്, ഇവാ. പി.ഐ. ഏബ്രഹാം, ജോയി എ. ചാക്കോ തുടങ്ങി അനേക ദൈവദാസന്മാർ ആശ്വാസവചനങ്ങളും അനുശോചനവും അറിയിച്ചു.

ഭാര്യ:കുഞ്ഞുമോൾ, മക്കൾ: ഷേർളി, ഡാർളി, ജോളി. മരുമക്കൾ: പാസ്റ്റർ കുര്യൻ മാമൻ (ചർച്ച് ഓഫ് ഗോഡ് ദുബായ്), ജോസ് മാവേലിക്കര (യുഎസ്എ), പാസ്റ്റർ ചെറിയാൻ സി. ദാനിയേൽ (കോയമ്പത്തൂർ), ബ്രദർ വർഗീസ് ജോർജ് (ദുബായ്), പരേതന്റെ ഭാര്യാസഹോദരനാണ്. ദൈവസഭയുടെ നെടുമുടി, തിരുമൂലപുരം, മാന്നാർ, കുറിച്ചിമുട്ടം, പുന്നമൂട് എന്നീ സഭകളിൽ ശുശ്രൂഷകനായി ഇരുന്നിട്ടുണ്ട്.

**പട്ടം:** വയലത്തല പ്ലാമൂട്ടിൽ പരേതനായ മത്തായിയുടെ ഭാര്യ മറിയാമ്മ (98) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ പട്ടം സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ഡിസ്ട്രിക്ട് പാസ്റ്റർ റ്റി.എ ജോർജും സഭാ ശുശ്രൂഷകൻ ലാലി ഫിലിപ്പും നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ എം.ജോൺസൺ, പി.സി ചെറിയാൻ, ഇ.എ വർഗീസ്, പി.ജി ശാമുവൽ, ജി.ജി വർഗീസ്, ഈപ്പച്ചൻ തോമസ്, എം.ജോർജ്ജ് തുടങ്ങി അനേക കർത്തൃ ദാസന്മാർ അനുശോചനം അറിയിച്ചു. മക്കൾ: കുഞ്ഞുഞ്ഞമ്മ (late), കുഞ്ഞുഞ്ഞുകുട്ടി, കുഞ്ഞുമോൾ, മോനിയമ്മ, റ്റി.എം മാത്യു, ശോശാമ്മ (late), മരുമക്കൾ: വി.ജെ വർക്കി, ചിന്നമ്മ, ജോണിക്കുട്ടി, കൊച്ചുണ്ണുണ്ണി, ഗ്രേസമ്മ (late), കുഞ്ഞുമോൻ.



**എറണാകുളം:** ദോഹ ദൈവസഭാംഗമായ തോപ്പുംപടി മാവേലി ഹൗസിൽ ഗ്രിഗറി മാവേലി വർഗീസിന്റെ ഭാര്യ മിനി ഗ്രിഗറി (46) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ കലൂർ ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.എം ബേബി നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർമാരായ കെ.എം ബേബി, വൈ.റെജി എന്നിവർ നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.എ.വി.സാം, ബൻസൺ മത്തായി (ദോഹ), തോമസുകുട്ടി ഏബ്രഹാം, ബ്രദേഴ്സ് സാംകുട്ടി, ഏബ്രഹാം ഫിലിപ്പോസ്, കെ.ഏബ്രഹാം, സജീവ്, സിജു, സണ്ണി ജോർജ്, തോമസ് കുര്യൻ, മാമൻ ജോർജ്, ജയിംസ് പീറ്റർ, ശാമുവൽ ജോൺ, തങ്കച്ചൻ തുട ങ്ങി അനേകം പേർ അനുശോചനം അറിയിച്ചു. ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഭവനം സന്ദർശിച്ച് ദുഃഖം അറിയിച്ചു. മക്കൾ മെൽവിൻ, മിൽറ്റൺ, മിഷൽ. ♦



# ഇവാഞ്ചലിസം ബോട്ട് റാലി



ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ഡിപ്പാർട്ട് മെന്റിന്റെയും കോഴഞ്ചേരി ഡിസ്ട്രിക്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ കിടങ്ങറ, പുളിങ്കുന്ന്, തട്ടാശ്ശേരി, വേണാട്ട് കടവ്, കൈനകരി, കാവാലം, നെടുമുടി, ചമ്പക്കുളം തുടങ്ങിയ സ്ഥലങ്ങളിൽ ലഹരിവിരുദ്ധ ബോധവത്കരണ ബോട്ട് റാലി 2011 ജനുവരി 26ന് നടന്നു. അസിസ്റ്റന്റ് ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ് റാലി ഉദ്ഘാടനം ചെയ്തു. പാസ്റ്റേഴ്സ് എ. റ്റി. ജോസഫ് (സ്റ്റേറ്റ് കൗൺസിൽ മെമ്പർ), കെ. എ. ഉമ്മൻ (പബ്ലീഷർ, സുവിശേഷനാദം), എം. ഇ. ബേബി (പയ്യനാമൺ ഡിസ്ട്രിക്റ്റ് പാസ്റ്റർ), പാസ്റ്റർ റ്റി. കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം (കോഴഞ്ചേരി ഡിസ്ട്രിക്റ്റ് പാസ്റ്റർ), ബ്രദർ ജോൺ ബനിയൻ (സെക്രട്ടറി ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ്) എന്നിവർ ഈ ബോട്ട് റാലിക്ക് നേതൃത്വം നൽകി. പാസ്റ്റർ കെ. എ. ഡേവിഡിന്റെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നടന്നു. പാസ്റ്റേഴ്സ് അനിയൻ ഡാനിയേൽ, എം. എം. കുര്യാക്കോസ്, എം. കെ. ജോൺസൺ, വി. എ. തോമസ്, പി. ജെ. ജോൺസൺ, ബ്രദേഴ്സ് കെ. എം. ചാക്കോ, പി. എം. ജോൺ, സന്തോഷ്, മാസ്റ്റർ ജോയൽ തുടങ്ങിയവർ ഉൾപ്പെടെ 70ഓളം സഹോദരി സഹോദരന്മാർ റാലിയിൽ പങ്കെടുത്തു. കുട്ടനാടിന്റെ കായലോരങ്ങളിൽ നിന്നും അനേകർ സുവിശേഷം കേട്ടു. മൂന്നുപേർ രക്ഷിക്കപ്പെട്ടു. നിരവധി ട്രാക്റ്റുകളും, പുതിയ നിയമങ്ങളും വിതരണം ചെയ്തു.




ജനറൽ കൺവൻഷനിൽ ഞായറാഴ്ചത്തെ ആരാധനാമദ്ധ്യേ നടന്ന കർത്തൃമേശ ശുശ്രൂഷയ്ക്ക് സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി നേതൃത്വം നൽകുന്നു.

Reg. R. N. 36077/1987 **Suvishesha Nadam** Vol. 31
Registrerd No. KL/MVK/435/2009-2011 Issue No. 2




മുളക്കുഴയിൽ പണികൾ പൂർത്തീകരിച്ച YWEA പ്രൊജക്ട് കെട്ടിടത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2011 ജനുവരി 21 വെള്ളിയാഴ്ച ദൈവസഭയുടെ World Mission Director Rev. Douglas Le Rayയും ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സണും ചേർന്ന് നിർവ്വഹിക്കുകയുണ്ടായി.

## ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ
## കേരളാസ്റ്റേറ്റ്

89-ാമത്

the BIG move

# ജനറൽ കൺവൻഷൻ

## ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം, തിരുവല്ല

## 2012 ജനുവരി 16 മുതൽ 22 വരെ

**കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിപ്പിൻ...**

**പാസ്റ്റർ എം. കുഞ്ഞപ്പി,**
**സ്റ്റേറ്റ് ഓവർസിയർ**

Printed, Published by Pastor K.A. Oommen on behalf of Gospel Voice Publishers, Published from Mount Zion, Mulakuzha, Chengannur, Alleppey - 689505 and printed at Carmel Press, House No. 11/176, Near Kaviyoor Evening Market, Njalbhagom Muri, Pathanamthitta Dist - 689629 Editor P.I. Abraham